THE CHURCH WEEKLY

Vol IX	SUNDAY 24TH JULY 1955	PRICE 2 ANNAS A COPY	NO. 29

TOWARDS CHRISTIAN UNITY

By Dr. James Reid

I pray not for these alone, but for them also which shall believe on me through their word; That they all may, be one; that the world may believe that thou hast sent me. John 17: 20, 21.

Our character is revealed in the prayers that spring from our hearts. The Lord's Prayer which He taught us to pray is a mirror of the mind of Jesus. It shows what He wanted most for His disciples and what they ought to want for themselves. In the prayer before He went to the Cross, related by John, one note sounds again and again—His passionate desire for unity among His disciples then and in the long future. No doubt He foresaw the tendency for the Church to split into various branches, like a growing tree, and for these to forget that they all draw their life from one stem,

Paul saw this happening in his day. One said, "I am of Paul"; another, "I am of Appollos," and to him the blind folly of it was an agony. How tragic that the richness and variety inspired by the Spirit should break the body of Christ into fragments!

Archbishop Temple felt the same agony. He wrote in his Commentary on St. John's Gospel. 'We meet in committees and construct our schemes of union; in face of the hideous fact of Christian divisions we are driven to this; but how paltry are our efforts compared with the call of God! The way to the union of Christendom does not lie through committee-rooms, though there is a task of formulation to be done there. It lies through personal union with the Lord so deep and real as to be comparable with His union with the Father."

But how is this essential unity to be secured? It will not be done by mere agreement on formulae, even if this could be reached. Unity in Christ is the product of something much deeper and much simpler than can be achieved by "ecclesiastical carpentry." It is the fruit of the love of Christ which enables us to love one another across denominational and other frontiers. This love cannot be produced in committee rooms. It comes to birth in praying and worshipping together, when we sing the same hymns and read the same Scriptures and open our hearts without reserve to the same Lord.

Can we never be united unless we know each other? George Fox and Cromwell found a common bond only when they got together. Once in an empty compartment in a London tube a man with a glowing face slipped over beside me and said, "It's a wonderful thing to know God"—just that. Would it not create among us all the unity in which Christ was interested if in our churches and our inter-denominational meetings this were the dominant feeling drawing us together—that it is a wonderful thing to know God? Many fences would go down and many questions find an answer or become irrelevant.

When we come together in the church it is Christ's word we listen for, whoever the preacher; it is from His hand we take the bread and wine of the Sacrament, whether we receive it at the altar rail or from a member of the congregation seated beside us at the table of the Lord. It is love for Christ unites us and holds us together, whatever our theological difference or agreements. As together we open our hearts to the love of Christ we shall get into the atmosphere in which the things that divide us on the surface can be seen in their true proportions and will cease to divide.

As the love of Christ penetrates our hearts and minds several things will happen. For one thing, we shall come to perceive and value what is good in branches of the Church other than our own. Each branch has special qualities we should recognize and appreciate. If we are inclined to be little others we should remember the man about whom the disciples complained that he was casting out devils in the name of Christ, though, as they said "He followth not us". Jesus with His infinite charity and instinct for reality told them that a man who was doing His work was on His side. The disciples made a circle that shut this man out, but Jesus drew a circle of love and appreciation that took him in.

As we open our hearts together to the love of Christ we are united in contrition. We realize how far we all come short of the glory of God. None of us in face of the demands and the promises of Jesus has much to be proud of. Our little superiorities vanish. The barriers of pride break down—pride in our learning, our traditions, our achievements. When we kneel together before the Cross the only thing that will matter to us is that Christ loved us and gave Himself for us.

Yet again, when we see the love of Christ we realize how partial is our vision of the truth. No one's love for Christ was deeper than that of the apostle Paul and few

അന്തച്ഛിദ്രം വളരുന്നു

(എം. കുര്യൻ കോതമംഗലം)

ബർണ്ണാർഡിന്റെ നേതൃത്വത്തിൽ സ്പെയിനിലേക്കു പോയതൊഴികെ ബാക്കിയുള്ള എല്ലാ സഹോദരസംഘങ്ങളും പരാജിതരായി മടങ്ങേണ്ടിവന്നു. ജർമ്മനി, ഹങ്കറി, പോർട്ടുഗൽ, ഫ്റാൻസ് എന്നീരാജ്യങ്ങളിൽ സഹോദരന്മാരെ പരിഹസിക്കുകയും അപമാനിക്കുകയും ദേഹോപദ്രവമേല്പിക്കുകയുമുണ്ടായി. ചിലർ അവരെ വേദവിപരീതികളായി പരിഗണിച്ചു. മറ്റു ചിലർ അവരെ വെറും തെരുവുതെണ്ടികളായി കണ്ടു. പാപ്പായിൽ നിന്നു് യാതൊരു അധികാരപത്രവും കാണിക്കുവാൻ സഹോദരന്മാർക്കു കഴിഞ്ഞില്ല. കത്തോലിക്കാലോകത്തിനു പ്രായംമറിപ്പോയി. ക്രിസ്തുവിന്റെ ആത്മാവു് സജീവമായി വ്യാപരിച്ചിരുന്ന അതിന്റെ യുവത്വദശ എന്നേ കഴിഞ്ഞുപോയി! ഗുരുവിനെപ്പോലെ തന്നെ പണസഞ്ചിയും ചെരുപ്പും കൂടാതെ അലഞ്ഞുവന്നു് കായികാധ്വാനഫലമായിട്ടോ പ്രസംഗം കേൾക്കുന്നവരിൽ നിന്നോ ലഭിക്കുന്നതൊഴികെ മറ്റു യാതൊരു ഉപജീവനമാർഗ്ഗവുമില്ലാതെ സഞ്ചരിച്ച അപ്പോസ്തലന്മാരെ മനസ്സിലാക്കാൻ പാടില്ലാത്തവണ്ണം കത്തോലിക്കാലോകം മാറിപ്പോയി. ഒരായിരം വർഷംകൊണ്ടു് ക്രിസ്ത്യാനികളുടെ വീക്ഷണകോടിയിൽ വന്ന അന്തരം! വിലകൂടിയതുംകണ്ണഞ്ചിക്കുന്നതുമായ വേഷഭൂഷണങ്ങളണിഞ്ഞു്, റോമിന്റെ അധികാരദണ്ഡും കയ്യിലേന്തി പ്രത്യക്ഷപ്പെടുന്നവരെമാത്രം അപ്പോസ്തോലന്മാരായി പരിഗണിക്കുന്ന ഒരു മനോഭാവം ഈ ഘട്ടത്തിൽ ക്രിസ്ത്യാനികളിൽ വളന്നു ദൃഢമൂലമായി കഴിഞ്ഞിരുന്നു. ആ പരിതഃസ്ഥിതിയിൽ, തങ്ങളുടെ വിശ്വാസത്തിന്റെ ശക്തിയെന്യേ മററു യാതൊരു വിധ അധികാരങ്ങളും കൈകാര്യം ചെയ്യാൻ സാധിക്കാത്ത ഈ തെണ്ടിപ്പരിഷകളെ ചിത്തഭ്രമം പിടിപെട്ടവരായി കണക്കാക്കി, തദ്ദേശീയർ ഇററലിയിലേക്കു് തിരികെ ഓടിച്ചു?

അങ്ങനെ സഹോദരന്മാർ പരാജിതരായി, മുറുമുറുപ്പോടെ, മടങ്ങിവന്നു. അക്കൂട്ടത്തിൽ ഉത്തമന്മാരൊഴികെബാക്കി സകലരും, അസാദ്ധ്യമായ ഒരു കാര്യം തങ്ങളെ ഭരമേല്പിച്ചതിനു് രഹസ്യമായി ഫ്റാൻസിസിനെ കുററപ്പെടുത്താനാരംഭിച്ചു. ആത്മികോപാധികൾ മാത്രമുപയോഗിച്ചു് സുവിശേഷം ലോകത്തെ ജയിക്കണമെന്നു പറയുന്നതു് ഒരു വക വങ്കത്തമാണെന്നു് അവക്കു തോന്നി! ഭൗതികമായ സംരക്ഷണവും കുറെയൊക്കെ അധികാരവും കൂടാതെ ഈ സംഗതിയിൽ യാതൊരു പുരോഗതിയും സാധ്യമല്ലെന്നു് അവർ തീരുമാനിച്ചു!! അവർ മടങ്ങിവന്നപ്പോൾ, കർദ്ദിനാൾ യൂഗോലിനോ ഫ്റാൻസിസ്സിൻ സമൂഹത്തെ സ്വന്തം സംരക്ഷണയിൽ ഏറെറടുക്കാൻ ഭാവിക്കുന്നതു കണ്ടു്, അവരുടെ ഹൃദയം കൃതജ്ഞതാഭരിതമായി. അവരുടെ നോട്ടത്തിൽ കുറഞ്ഞപക്ഷം, യൂഗോലിനോയ്ക്കു് സാമാന്യബുദ്ധിയെങ്കിലുമുണ്ടു്!

അമർത്തിയ സ്വരത്തിലുള്ള കുശുകുശുക്കലും മുറുമുറുപ്പും അതിവേഗം പ്രചരിക്കാറുണ്ടു്. ഇതു് മിനിസ്റ്റർമാരെയും ക്ഷണേന പിടികൂടി. ഫ്റാൻസിസിനെപ്പോലെ സ്വന്തം വ്യക്തിത്വ മഹാത്മ്യത്താൽ ഭരിക്കാൻ സാധിക്കാത്ത മിനിസ്റ്റർമാർ ശിക്ഷണനിയമങ്ങളും ശിക്ഷിക്കാനുള്ള അധികാരവും ആവശ്യപ്പെട്ടുതുടങ്ങി: ഫ്റാൻസിസിന്റേതിൽ നിന്നു തികച്ചും വിഭിന്നമായ ഒരു മനോഗതി! സ്നേഹത്തിന്റെ നിശ്ശബ്ദ പ്രവണത മന്ദഗതിയിൽ പ്രവത്തനക്ഷമമാകുന്നതുവരെ കാത്തിരിക്കാൻ അവർക്കു സാദ്ധ്യമല്ല. സമൂഹസ്ഥാപകനെപ്പോലെദൈവത്തിൽ പരിപൂർണ്ണവിശ്വാസമില്ലാത്ത മിനിസ്റ്റർമാർ പരിഭ്രാന്തചിത്തരായി; കുറെ സ്വത്തുവകകളെങ്കിലും പൊതുവിൽ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി അവർ വാദിക്കാൻതുടങ്ങി. അവരും ദൃഷ്ടികൾ കർദ്ദിനാളിന്റെ നേർക്കു തിരിച്ചു.

ഫ്റാൻസിസിനെ അറിയാത്തവരായ പുതിയ അംഗങ്ങൾ പഠിത്തത്തിനുവേണ്ടി ആഗ്രഹിച്ചു തുടങ്ങി. പഠനം ഒരു പ്രാഥമിക കത്തവ്യമായെണ്ണുന്ന ഡോമിനിക്കൻ സന്യാസികളെ അനുകരിക്കാൻ അവർ തത്രപ്പെട്ടു. സമൂഹസ്ഥാപകൻ ആഗ്രഹിക്കുന്ന വിധത്തിലുള്ള ദാരിദ്ര്യത്തെ ഉപാസിക്കുന്നപക്ഷം എങ്ങനെ പാണ്ഡിത്യം ലഭിക്കും? കോൺവൻറുകളും ലൈബ്രറികളും—പണവും—കൂടാതെ പഠിത്തം നടക്കുമോ? തന്റെ ഉന്നതാദർശങ്ങൾ കുറെയൊക്കെ മയപ്പെടുത്താൻ, കർദ്ദിനാൾ യൂഗോലിനോ ഫ്റാൻസിസിന്റെ മേൽ പ്രേരണ ചെലുത്തുമെന്നു് അവർ പ്രതീക്ഷിച്ചു. ബോളോണാ, പാരീസ് എന്നീ യൂണിവേഴ്സിററികളിൽ പഠിച്ചു ബിരുദം നേടിയ ഒരു വ്യക്തിയാണു് യൂഗോലിനോ.

വിദേശമിഷന്റെ പരാജയവും സമൂഹത്തിന്റെ അണികളിൽ പടന്നു പിടിക്കുന്ന മാൽസര്യവും അന്തഛിദ്രവും ഫ്റാൻസിസിനെ വളരെയധികം ക്ലേശിപ്പിച്ചു. വിജയം ആ യുവാവിനു് വളരെയധികം ഇഷ്ടമു

people have had a greater insight into the mysteries of the faith But he confessed how fragmentary is our knowledge. "Now we know in part," he wrote, "and we prophesy in part "So much to do." said Cecil Rhodes and the end of his life, "so little". It is the same with our understanding of God's purpose for us. The more we know of the love of Christ the more we realize how much there is to know. This can only make us very humble and very willing to learn

Our love to one another is the fruit of the Spirit, and nothing in our outlook or attitude must be allowed to break our fellowship in Chirist A saintly Bishop said to a Presbyterian friend with whom he was on terms of intimacy, "It almost breaks my heart that we cannot take Communion together." But why not? Surely a doctrine which hinders people who are united in love to Christ from taking Communion together must have some flaw in it. The realities which unite us in world of changes are, as Paul said, faith, hope and love. These are not the monopoly of any section of the Church, and Paul added, "and the greatest of these is love."

PRAYER

O God, help us to grow in love to Thee that we may grow in fellowship with one another. Set us free from things in our own hearts which blind us to the things that are deeper than all our differences. Give us patience and hope to work and pray for the uuity in the Spirit for which Jesus prayed, and show us what we can do to bring it nearer.

ള്ള ഒരു സംഗതിയാണ്. ബാല്യത്തിൽ ലൗകികപ്രതാപങ്ങളെപ്പററിയും വിജയങ്ങളെപ്പററിയും ഫ്റാൻസിസ് കിനാവുകണ്ടിരുന്നു. ഈ അടുത്ത കാലത്താകട്ടെ, അതിനേക്കാൾ ഉൽകൃഷ്ടതരമായി, തനിക്കെതിരെ വന്ന വിജയങ്ങൾ ആ യുവമനസ്സിൽ കുളിർമകോരി. വിജയത്തെപ്പററിയ തൻെറ ധാരണകൾക്ക് ഇനിയും ശസ്ത്രക്രിയ ആവശ്യമാണെന്ന് അനുഭവം പഠിപ്പിക്കുന്നു. ഇതിലും ഉൽകൃഷ്ടമായ രീതിയിൽ വേണം വിജയത്തെ കാണുവാൻ. ഭൂമുഖത്തു മുഴുവൻ പരന്നു വ്യാപിക്കുന്നതിലല്ല, വളരെ കുറച്ചു പേരുടെ ഹൃദയങ്ങളിലെങ്കിലും ആഴത്തിൽ വേരു പിടിപ്പിക്കുന്നതിലാണ് ശ്രദ്ധ പതിക്കേണ്ടതെന്നും, അതാണ് വിജയത്തിൻെറ ശരിയായ മാനദണ്ഡമെന്നും ഫ്റാൻസിസ് പഠിച്ചു തുടങ്ങി. തൻെറ പ്രസ്ഥാനത്തിൻെറ പ്രാരംഭവിജയം പല നല്ല ഫലങ്ങളും പ്രദാനം ചെയ്തുവെന്നു വരികിലും, അതിൻെറ അർത്ഥത്തെതന്നെ കരണ്ടു നശിപ്പിക്കുന്ന അണുജീവികൾക്കും അതു പ്രവേശമനുവദിച്ചുവെന്ന് ഫ്റാൻസിസ് ഇപ്പോൾ കണ്ടു. ജീവിതലക്ഷ്യം വേണ്ടവിധം വ്യക്തമായി ധരിച്ചിട്ടില്ലാതിരുന്ന അനേകം പേർ സമൂഹത്തിൽ അംഗങ്ങളായി ചേർന്നിരുന്നു. അപഴ്ചാപൂമായ ദർശനത്തോടു കൂടിവന്നുചേർന്ന ഓരോ സഹോദരനും സമൂഹത്തിൻെറ അസ്തിത്വത്തെത്തന്നെ ദ്രവിപ്പിക്കുന്നതിന് സഹായിക്കുകയാണുണ്ടായത്; അവരുടെ കൂടെ അദൃശ്യനായ ഒരു പുതിയ "അംഗം" കൂടി സമൂഹത്തിനുള്ളിൽ പ്രവേശിച്ചു—സഹോദരനായ മരണം. ഈ പഴയശത്രു തൻെറ സഹയാത്രികൻെറ ചെവിയിൽ സദാ മന്ത്രിക്കും. "ആദർശമൊക്കെ കിടക്കും. പ്രായോഗിക ജീവിതത്തിൽ വിജയിക്കണമെങ്കിൽ, വിട്ടുവീഴ്ചകളാണാവശ്യം". പരിപൂർണ്ണമായി തന്നെ പിന്തുടരുന്നവരുടെ സംഖ്യ വളരെ കുറഞ്ഞിരിക്കുമെന്ന് ഫ്റാൻസിസ് ഇപ്പോൾ മനസ്സിലാക്കി; അങ്ങനെയുള്ളവർ താൻ കണ്ട ദർശനം കാണുന്നവരായിരിക്കണമല്ലോ. ഉത്തമനായ ഓരോ പ്രവാചകനും പ്രതിഭാശാലിയായ ഓരോ കലാകാരനും മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യമാണിത്. അവർക്കു തുല്യരായി മററാരെയും അവർ കണ്ടുമുട്ടുന്നില്ലെങ്കിലോ? മഹാന്മാരായ മനുഷ്യർ അനുഭവിക്കേണ്ടിവരുന്ന അസുഖപ്രദമായ ഏകാന്തത അതിൻെറ ഫലമാണ്. ക്രിസ്തുവും ഷേക്സ്പീയരും ഫ്റാൻസിസും അനുഭവിക്കേണ്ടിവന്ന ഈ ഏകാന്തതയുടെ അനുഭവം നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

ഫ്റാൻസിസിനെ സംബന്ധിച്ചിടത്തോളം ഒരു സംഗതി വ്യക്തമായിരുന്നു. പരാജയം സംഭവിച്ചുവെന്നിരിക്കിലും, താൻ ചെയ്യുന്ന സംഗതി ശരിയാണെന്ന് അദ്ദേഹത്തിനു തികഞ്ഞ ബോദ്ധ്യമുണ്ടായിരുന്നു. താൻ പ്രയോഗിച്ചു നോക്കുന്ന സ്നേഹത്തിൻെറയും സഹനത്തിൻെറയും മാർഗ്ഗം വളരെ മന്ദഗതിയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ. താൻ ആദ്യമേ പ്രതീക്ഷിച്ചതിനേക്കാളും മന്ദഗതിയിൽത്തന്നെ, ശരിയാണ്—പക്ഷേ, അന്തിമമായി ആ മാർഗ്ഗം വിജയിക്കുകതന്നെ ചെയ്യും. അക്കാര്യത്തിൽ യാതൊരു തക്കവുമില്ല. ഇതു ഫ്റാൻസിസിൻെറ മനസ്സിൽ സൂര്യപ്രകാശംപോലെ സുസ്പഷ്ടവും സുവ്യക്തവുമായ ഒരു വാസ്തവമായിരുന്നു.

എന്നാൽ, തൻെറ മാർഗ്ഗം ശരിയാണെന്ന ബോദ്ധ്യം ശക്തിപ്പെട്ടതോടൊപ്പം, ഒരു നേതാവെന്ന നിലയിൽ ഫ്റാൻസിസിനു തന്നിൽത്തന്നെയുള്ള വിശ്വാസം തകരാൻ തുടങ്ങി. കാണാനും സ്പർശിക്കപ്പെടാനും തനിക്കു കഴിയും. എന്നാൽ സംഘടിപ്പിക്കാനും നിയന്ത്രിക്കാനും പദ്ധതിപരിപാടികൾ ആസൂത്രണം ചെയ്യാനും തന്നെക്കൊണ്ടാവുമോ? ഫ്റാൻസിസ് സംശയിക്കുകയാണ്. ഒരു പ്രവാചകനെന്ന നിലയിൽ ഫ്റാൻസിസിനെ കൊള്ളാമെന്നും, എന്നാൽ സമൂഹം വർദ്ധിച്ചുവളർന്നതോടെ മറെറാരു നേതാവു അതിൻെറ മുന്നണി നേതൃത്വം ഏറെറടുക്കേണ്ടതാവശ്യമാണെന്നും മൽസരബുദ്ധികളായ സഹോദരന്മാർ സൂചിപ്പിക്കുന്നതു്, ശരിയല്ലേ എന്ന് ആ നേതാവു സംശയിക്കാൻ തുടങ്ങി. അവർ പറയുന്നതു ശരിയാണെന്നുവരുകിൽ തന്നെ, പരിപൂർണ്ണമായ ആദർശം കാണത്തക്ക ദർശനവും വിട്ടുവീഴ്ച കൂടാതെ സമൂഹത്തെ സംഘടിപ്പിച്ചു മുമ്പോട്ടു നയിക്കത്തക്ക സംഘടനാസാമർത്ഥ്യവും ഒത്തുമേളിച്ച ഒരു നേതാവിനെ എവിടെ കിട്ടും?

ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ — അഞ്ചൽ, ആയൂർ, അടൂർ, കൊട്ടാരക്കര No 1, കൊട്ടാരക്കര No. 2, കുന്നിക്കോട്, കല്ലിശ്ശേരി, ചാത്തന്നൂർ, ചെങ്ങമനാട്ട്, പത്തനംതിട്ട, ഹരിപ്പാട്ട്

ആയുർവേദ ഔഷധസോപ്പുകൾ, വാജീകരണസുധ, ഉരമരുന്നു ഗുളിക, ദന്തധാത്രീ പൽപ്പൊടി നാസികാചൂർണ്ണം, മാനസമിത്ര വടകം, തങ്കഭസ്മം തുടങ്ങിയ പ്രത്യേക ഔഷധങ്ങളും പ്രധാനപ്പെട്ട മററു് എല്ലാ ആയുർവേദ ഔഷധങ്ങളും ഹെഡാഫീസിലും ബ്രാഞ്ചുകളിലും നിന്ന് മിതമായ വിലയ്ക്കു ലഭിക്കുന്നതാണ്. ഏജൻസികളില്ലാത്ത സ്ഥലങ്ങളിൽ ഏജൻസി അനുവദിക്കുന്നതാണ്.

വൈദ്യൻ

പി. ഒ. തോമ്മസ്, വൈദ്യകലാനിധി

പുനലൂർ

"വേർപാടിൻെറ നടുച്ചുവർ"

സി. ഈ. ജി.

ഇന്ത്യൻ പ്രധാനമന്ത്രിയായ ശ്രീ. പണ്ഡിററ് ജവഹർലാൽ നെഹറു യുഗോസ്ലാവിയൻ പാർലമെൻറ് സമ്മേളനത്തിൽ പ്രസംഗിക്കവെ സർവരാഷ്ട്രങ്ങളുടെയും പരമപ്രധാനമായ ആവശ്യം സമാധാനവും പുരോഗതിയുമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ വിധം പ്രസ്താവിക്കുകയുണ്ടായി. "നാം ഇരിമ്പുയവനികയെകുറിച്ചു പലപ്പോഴും കേൾക്കാറുണ്ട്. അതിൽ അൽപ്പം സത്യമില്ലാതില്ല. എന്നാൽ അവയിലെല്ലാം ഉപരിയായ ഇരുമ്പുയവനിക നാം നമ്മുടെ ഹൃദയത്തിനു ചുററും നിർമ്മിക്കുന്നതാണ്. നമ്മുടെ ഹൃദയത്തിനു ചുററും നാം നിർമ്മിക്കുന്ന ചുവർ ലോകം ശരിയായി കാണുന്നതിന് നമ്മെ അപ്രാപ്തരാക്കിത്തീർക്കുന്നു." പ്രശസ്തനായ ആ മഹാൻ പുറപ്പെടുവിച്ച ഈ അഭിപ്രായശകലം മുദ്രണം ചെയ്തു നമ്മുടെ സഭാംഗങ്ങളുടെയിടയിൽ വിതരണം ചെയ്തിരുന്നു എങ്കിൽ എന്നു ഞാൻ അതിയായി ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഇന്നത്തെ സാഹചര്യത്തിൽ ദീർഘദർശനം പോലെ അത്ര മാത്രം അർത്ഥവത്തായ ഒരു പ്രസ്താവന ആയിരുന്നു അത്.

മലങ്കരസുറിയാനി സഭയുടെ ഇന്നത്തെ പരമപ്രധാനമായ ആവശ്യം സമാധാനവും പുരോഗതിയുമാകുന്നു. അതിനു വിഘാതമായി നിൽക്കുന്ന പ്രതിബന്ധങ്ങളെ തട്ടി നീക്കുന്നതിനു തടസ്സകാരണമായി നിൽക്കുന്നതു നാം നിർമ്മിച്ചിരിക്കുന്ന മേൽപ്രസ്താവിച്ച പ്രകാരമുള്ള ഇരുമ്പുയവനികയല്ലെങ്കിൽ പിന്നെയെന്താണ്? സത്യവും നീതിയും എന്തെന്ന് സ്ഫടികസ്ഫുടം ഏതാണ്ട് സർവർക്കും വ്യക്തമായിരുന്നിട്ടും നാൽപ്പത്തിയഞ്ചു വർഷത്തെ വ്യവഹാരത്തിനു ശേഷം ആ ഒരു അഗ്നിപരീക്ഷണത്തിനുതന്നെ അരയും തലയും മുറുക്കി ഇരുകൂട്ടരും മന്ദം മന്ദം മുമ്പോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ "സഭയുടെ ഭാവി എങ്ങോട്ട്" എന്ന ചോദ്യം ചിന്തിക്കുന്ന സർവസഭാംഗങ്ങളിൽനിന്നും ഉയർന്നുകൊണ്ടിരിക്കുകയാണ്. എങ്കിലും പരിഹാരം കാണുവാൻ കഴിയാതെ അതല്ലെങ്കിൽ പരിഹാരം കണ്ടിട്ടും അതു പ്രായോഗികമാക്കുന്നതിന് ചില മുൻവിധികൾ മൂലം നാം അപ്രാപ്തരായി മുമ്പോട്ടു ലക്ഷ്യമില്ലാതെ നീങ്ങുകയാണ്. ഈ അവസരത്തിൽ നാം ആത്മാർത്ഥമായ ഒരു ഹൃദയപരിശോധന നടത്തുന്നതു് പ്രയോജനകരമായിരിക്കും.

വി. വേദപുസ്തകത്തിൽ നാം പലപ്പോഴും വായിക്കാറുള്ള ഒരു ചരിത്രശകലമാണ് എൻെറ സ്മരണാമണ്ഡലത്തിൽ ഈ സന്ദർഭത്തിൽ ഉദിച്ചുയരുന്നതു്. രാജാവായ ഹെരോദാവ് സ്വസഹോദരഭാര്യയെ പരിഗ്രഹിക്കുകയും അതേപ്പററി വിമർശനം നടത്തിയ യോഹന്നാൻ സ്നാപകനെ പിടിച്ച് ബന്ധനത്തിലാക്കുകയും ചെയ്തു. എന്നുമാത്രമല്ല യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷൻ എന്നറിഞ്ഞിരുന്നിട്ടും ഹെരോദ്യപുത്രിയോടുള്ള തൻെറ പ്രതിജ്ഞ പാലിക്കുന്നതിനായി ആ ദൈവമനുഷ്യനെ വധിപ്പിക്കുകയും ചെയ്തു. ആ രാജാവ് തൻെറ പ്രതിജ്ഞ പാലിക്കുന്നതിൽ കാണിച്ച നിഷ്കർഷ ഒരു തരത്തിൽ ന്യായീകരിക്കപ്പെടാവുന്നതായിരിക്കുമോ? ഏതായാലും സ്വപ്രതിജ്ഞാപാലനാർത്ഥം മായിച്ചാൽ മായാത്ത അധർമ്മം പ്രവർത്തിക്കുവാൻ മുതിർന്ന ആ ഭരണാധിപനെ ന്യായീകരിക്കുവാൻ സാദ്ധ്യമാവുമെന്നു തോന്നുന്നില്ല. പ്രതിജ്ഞ ലംഘിക്കുന്നതോ പ്രതിജ്ഞാനിർവഹണാർത്ഥം അധർമ്മം പ്രവർത്തിക്കുന്നതോ ഏതാണ് വലിയ അധർമ്മം?

സഭയുടെ ഇന്നത്തെ പരമപ്രധാനമായ ആവശ്യം സമാധാനവും പുരോഗതിയും ആണെന്നറിഞ്ഞിരുന്നിട്ടും തങ്ങൾ ചെയ്തതെന്നു പറയപ്പെടുന്ന പ്രതിജ്ഞകൾ നിറവേററുവാൻ വേണ്ടിയോ അഭിമാനസംരക്ഷണാർത്ഥമോ വ്യവഹാരം തുടർന്നു നടത്തുവാൻ വെമ്പൽകൊള്ളുന്നവരെ പ്രതി എന്താണു പറയേണ്ടതു്? "ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു" എന്നുള്ളതിനു നാം എന്തിന് ഇതരരേഖകൾ അന്വേഷിക്കുന്നു? ഹെരോദ്യപുത്രിയോടുള്ള പ്രതിജ്ഞാനിർവഹണം നിമിത്തം യോഹന്നാൻ സ്നാപകനെപ്പോലുള്ള ഒരു പുണ്യാത്മാവാണ് ചരമമടഞ്ഞതെങ്കിൽ ഇന്നത്തെ വ്യവഹാരം നിമിത്തം അനേകം സ്നാപകരെ എഴുന്നേൽപ്പിക്കേണ്ട സഭയാണ് നശിക്കുന്നതു്. അതിനുള്ള ഉത്തരവാദിത്വം എത്ര വലുതായിരിക്കും. അതേപ്പററി ഭാവിചരിത്രകാരന്മാർ എന്തു് വിധിയെഴുതും?

യേശുതമ്പുരാൻെറ കുരിശുമരണം മൂലം യഹൂദജാതിയും പുറജാതിയും തമ്മിലുണ്ടായിരുന്ന വേർപാടിൻെറ നടുച്ചുവർ ഇടിച്ചുകളഞ്ഞു സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തമ്മിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനുള്ള അടിസ്ഥാനം താൻ ഇട്ടു. ഇന്ത്യൻ പ്രധാനമന്ത്രിയായ ശ്രീ ജവഹരിലാൽ നെഹറുവിൻെറ റഷ്യാസന്ദർശനം മൂലം കമ്മ്യൂണിസ്റ്റ് റഷ്യയിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ടെന്നു പരിഗണിക്കപ്പെട്ടിരുന്ന ഇരിമ്പുയവനിക വലിച്ചുമാററുന്നതിനും ആ യവനികക്കപ്പുറത്തുള്ളതു് തുടിക്കുന്ന ഹൃദയങ്ങളാണെന്ന് ഗ്രഹിക്കുവാനും നമുക്കു കഴിഞ്ഞു. എന്നു മാത്രമല്ല അനുരഞ്ജനനയത്തിൻെറ ശീതളരശ്മികൾ അവിടെനിന്ന് വീശിത്തുടങ്ങുകയും ചെയ്തിരിക്കുന്നു. സമാധാനപ്രഭുവിൻെറ അരുമസന്താനങ്ങളെന്നു അഭിമാനം കൊള്ളുന്ന സുറിയാനി സഭാമക്കളുടെ മദ്ധ്യത്തിൽ കെട്ടിപ്പടുത്തിരിക്കുന്ന വേർപാടിൻെറ നടുച്ചുവർ ഇടിച്ചുകളഞ്ഞ് ഇരുകക്ഷിയും തമ്മിൽ അനുരഞ്ജനം സാദ്ധ്യമാക്കുവാനായി ഒരു മഹാപുരുഷൻെറ അവതാരത്തിനുവേണ്ടി സുറിയാനി സഭാമക്കൾ ഇനിയും നോക്കിപ്പാർക്കേണമെന്നോ?

ഈ അവസരത്തിൽ സഭാസമാധാനാർത്ഥം ആത്മാർപ്പണം ചെയ്യുന്നതിന് സന്നദ്ധരായ പീസ്‌ലീഗ് അംഗങ്ങളുടെ മുമ്പിൽ വിനയസമന്വിതം ഞാൻ ഒരു അഭ്യർത്ഥന സമർപ്പിച്ചുകൊള്ളട്ടെ. നൈമിഷികമായ വിജയത്തിനു വേണ്ടി നിലകൊള്ളാതെ സഭാസമാധാനത്തിനു വേണ്ടി ശിഷ്ടായുസ്സു സമർപ്പിക്കുവാൻ നിങ്ങൾ സന്നദ്ധരാകുമോ? സമാധാനദൂതുമായി നിങ്ങൾ വീടുകൾ തോറും ഇടവകകൾ തോറും സഞ്ചരിക്കുകയും നിങ്ങളുടെ ദൂതു് അവരുടെ മുമ്പിൽ സമർപ്പിക്കുകയും വേണം. ത്യാജ്യരായും അഗണ്യരായും നിങ്ങൾ പുറംതള്ളപ്പെട്ടേക്കാം. എന്നാൽ സമാധാനസ്ഥാപനാർത്ഥം മരിക്കുവാൻ സന്നദ്ധരായ നിങ്ങൾ അതിനുവേണ്ടി ജീവിക്കണം. പക്ഷേ ഇപ്പോൾ നിലവിലിരിക്കുന്ന വേർപാടിൻെറ നടുച്ചുവർ പൊളിച്ചുമാററി അനുരഞ്ജനം കൈവരുത്തുന്നതിനുള്ള മാർഗ്ഗം അതു മാത്രമായിരിക്കാം.

നിത്യാവിശ്വാസപ്രമാണം. 26.

വലിയ മഹത്വത്തോടുകൂടി വരുവാനിരിക്കുന്നവൻ

(റവ. ഡീക്കൻ എം. വി. ജോർജ്ജ്)

ആധുനികകാലത്തു ശാസ്ത്രീയ മനോഭാവത്തിന്റെ പേരു പറഞ്ഞു പലരും സംശയിക്കുകയും ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്ന ഒരു വിഷയമത്രെ നമ്മുടെ കർത്താവിന്റെ പുനരാഗമനം എന്നുള്ളതു്. പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവു ആളത്വമായി സഭയിൽ വന്നതും അനന്തരം ചില നൂററാണ്ടുകളിൽ നടന്നിട്ടുള്ള ആദ്ധ്യാത്മിക ഉണർച്ചപോലും കർത്താവിന്റെ വീണ്ടുമുള്ള വരവായിരുന്നുവെന്നു വ്യാഖ്യാനിക്കുന്നവരും ഇല്ലാതില്ല. പൗലൂസ് ശ്ലീഹായുടെ ആദ്യലേഖനങ്ങളായ തെസ്സലോനിക്യർക്കെഴുതിയ ലേഖനങ്ങളിൽ കാണുന്നതുപോലെയുള്ള പ്രാധാന്യം ഈ വിഷയത്തിനു പിന്നീടുള്ള ലേഖനങ്ങൾ കല്പിക്കാത്തതുകൊണ്ടു യേശുക്രിസ്തുവിന്റെ പുനരാഗമനത്തെപ്പററിയുള്ള പ്രതീക്ഷതന്നെ അചിരേണ ആദിമസഭയിൽ കുറഞ്ഞുപോയി എന്നും വിശ്വസിക്കുന്നവരുണ്ടു്. "നാം എല്ലാവരും നിദ്ര കൊള്ളുകയില്ല, എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും." (1.കോരി. 11.52) എന്നുള്ള പൗലൂസ് ശ്ലീഹായുടെ ആഗ്രഹം സാധിതപ്രായമാകാഞ്ഞതിൽ നിന്നു തന്നെ ആ വിശ്വാസം തെററായ അടിസ്ഥാനത്തിന്മേലായിരുന്നുവെന്നും ചിലർ വാദിക്കുന്നു. കൂടാതെ "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെയുണ്ടു്" (മത്തായി 28. 20) എന്ന വാഗ്ദത്തം ഉള്ള സ്ഥിതിക്കു കർത്താവു വീണ്ടും വരുവാൻ പ്രതീക്ഷിക്കേണ്ട ആവശ്യം തന്നെയില്ല എന്നുള്ള വാദഗതിയും ചില സഭാപണ്ഡിതന്മാരുടെ ഇടയിൽ ഇല്ലാതില്ല.

എന്നാൽ ഈദൃശ്യ എതിർവാദങ്ങൾ കൊണ്ടു നിഷ്കാസനം ചെയ്യപ്പെടാവുന്ന ഒരു വിശ്വാസസത്യമല്ല മഹാപ്രഭാവത്തോടുകൂടി ആളത്വമായിത്തന്നെ കർത്താവു വരുമെന്നുള്ളതു്. യേശുമശിഹായുടെ ഇഹലോക ജീവിതകാലത്തുതന്നെ പലവുരു പ്രസ്താവിച്ചിട്ടുള്ള ഒരു സംഗതിയാണു്. ഈ ലോകത്തിനു് ഒരവസാനമുണ്ടെന്നുള്ളതും കാലസമ്പൂർണ്ണതയിൽ മനുഷ്യപുത്രൻ മഹാതേജസ്സോടും ശക്തിയോടുംകൂടി മേഘത്തിൽ വരുമെന്നുള്ളതും. വി. മത്തായി 24, മർക്കോസ് 13, ലൂക്കോസ 21, എന്നീ അദ്ധ്യായങ്ങൾ വായിച്ചാൽ അവയിലെ പ്രതിപാദ്യവിഷയം യരൂശലേമിന്റെ നാശമെന്നുള്ളതുമാത്രമല്ല, പിന്നെയോ അന്ത്യകാലത്തിന്റെ ലക്ഷണങ്ങളും തന്റെ പുനരാഗമനവും കൂടെയാണെന്നും മനസ്സിലാക്കാം. പുതിയനിയമം മുഴുവനും പരിശോധിച്ചാൽ ആകെയുള്ള വാക്യങ്ങളിൽ മുപ്പതിലൊരു ഭാഗം യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെപ്പററിയാണെന്നുള്ളതു മനസ്സിലാക്കാം. പൊതുവേ പറഞ്ഞാൽ എല്ലാ പുതിയനിയമപ്പുസ്തകങ്ങളിലും ഇത്രയധികം പ്രാധാന്യം കല്പിച്ചിട്ടുള്ള മററൊരു വിഷയം പുതിയനിയമത്തിലുണ്ടോ എന്നു തന്നെ സംശയമാണു്. പഴയനിയമത്തിൽപ്പോലും ഇതിനെപ്പററിയുള്ള പ്രവചനങ്ങൾ അത്ര വിരളമല്ല. "മശിഹായുടെ രാജ്യത്തിൽ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും. ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല. അവർ ഇനി യുദ്ധം അഭ്യസിക്കുകയുമില്ല. (യെശയ്യാ 2. 4) എന്നും "ചെന്നായ് കുഞ്ഞാടിനോടുകൂടി പാർക്കും. പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടി കിടക്കും. പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും. ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടുകൂടി മേയും. അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും. സിംഹം കാളയെന്നപോലെ വൈക്കോൽ തിന്നും......... ....സമുദ്രം വെള്ളംകൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനംകൊണ്ടു പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധപർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്യുകയില്ല. (യെശയ്യാ 11. 6—9) എന്നും യെശയ്യാപ്രവാചകൻ പ്രവചിച്ചതു യേശുക്രിസ്തുവിന്റെ രണ്ടാംവരവിനു ശേഷമുള്ള രാജ്യത്തെക്കുറിച്ചുമാത്രമേ അന്വത്ഥമായിരിക്കുവാൻ സാധിക്കുകയുള്ളു. യൂദായുടെ ലേഖനത്തിൽ ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരേക്കുറിച്ചു് ഇതാ കർത്താവെല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമി

(ശേഷം 8—ാംപേജിൽ)

ബാങ്ക് ഓഫ് ഡെക്കാൻ ലിമിററഡ്

(1919-ൽ സ്ഥാപിക്കപ്പെട്ടതു്)

ബ്രാഞ്ചുകറം. ആലപ്പുഴ, അമ്പലപ്പുഴ, അരൂർ, ചങ്ങനാശ്ശേരി, ചെങ്ങന്നൂർ, എടത്വാ, എറണാകുളം, ഹരിപ്പാട്, കോട്ടയം, കുമരകം, കോന്നി, മാന്നാർ, പുതുപ്പള്ളി, പുറമററം, പാമ്പാക്കുട, തിരുവല്ലാ, തലയോലപ്പറമ്പ്, തിരുവനന്തപുരം.

ഏജൻസികറം. ആല്വാ, അതിരമ്പുഴ, ബോംബെ, ബാംഗ്ളൂർ, കൊച്ചി, കോഴിക്കോട്, കൽക്കട്ടാ, കോയമ്പത്തൂർ, കണ്ണൂർ, ഈറോഡ്, ഫെയർഫീൽഡ്, ഹൈദ്രബാദ്, കോതമംഗലം, കുത്തിയതോട്, കോഴഞ്ചേരി, കായംകുളം, കാഞ്ഞിരപ്പള്ളി, മൂന്നാർ, മുണ്ടക്കയം, മൂവാററുപുഴ, മംഗലാപുരം, മധുര, മൈസൂർ, മാവേലിക്കര, മദ്രാസ്സ്, നാഗർകോവിൽ, നാഗപ്പൂർ, ന്യൂഡെൽഹി, പാലാ, പത്തനംതിട്ട, പാലക്കാട്, പീരുമേട്, സെക്കൻദ്രബാദ്, ചേർത്തല, കൊല്ലം, റാന്നി, സേലം, തിരുനൽവേലി, തൃശ്ശിനാപ്പള്ളി, തൊടുപുഴ, തൂത്തുക്കുടി, തൃശ്ശൂർ, വൈക്കം, വെല്ലൂർ, വണ്ടിപ്പെരിയാർ.

1955 ജൂലൈ കർക്കടകം

ഞായർ	24	8
തിങ്കൾ	25	9
ചൊവ്വാ	26	10
ബുധൻ	27	11
വ്യാഴം	28	12
വെള്ളി	29	13
ശനി	30	14

Thought for the Week

"Don't get blue and give up until you have news that God is dead or has forgotten to be gracious."

THE CHURCH WEEKLY

ജനീവാസമ്മേളനത്തിനു വേണ്ടി പ്രാർത്ഥിക്കുകയോ?

അമ്മേരിക്ക, ബ്രിട്ടൻ, ഫ്റാൻസു, സോവിയറ്റു്റഷ്യ എന്നീ നാലു പ്രധാനരാജ്യങ്ങളിലെ മന്ത്രിമാർ ജൂലായ് 18-ാംതീയതി മുതൽ ജനീവായിൽ കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കയാണല്ലൊ. ഈ സമ്മേളനത്തിന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടു് നി. വ. ദി. ശ്രീമാന്മാരായ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ തിരുമേനി, മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി, ബിഷപ്പു ജയിക്കബ്തിരുമേനി എന്നിവർ ചേർന്നു് ഒരു സംയുക്തപ്രസ്താവന പുറപ്പെടുവിച്ചിരുന്നു. ലോകസഭാ കൗൺസിലിൽ അംഗങ്ങളായി ചേർന്നിട്ടുള്ള എല്ലാ സഭകളുടെയും മേലദ്ധ്യക്ഷന്മാർ ഈദൃശമായ പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ടു് ലോകമെങ്ങുമുള്ള ക്രൈസ്തവരുടെ പ്രാർത്ഥനാപൂർവ്വമായ ശ്രദ്ധ ഈ സമ്മേളനത്തിലേക്കു് പതിഞ്ഞിട്ടുണ്ടു്. എന്താണു് ജനീവാസമ്മേളനം സാധിക്കുവാൻ പോകുന്നതു്? പൂർവ്വദേശങ്ങളും പശ്ചിമരാജ്യങ്ങളും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ശീതസമരം എന്നെങ്കിലും ഒരു തുറന്ന മഹായുദ്ധത്തിലേക്കു ലോകത്തെ വലിച്ചിഴയ്ക്കുവാൻ പര്യാപ്തമാണെന്നു് എല്ലാ രാജ്യങ്ങളിലെയും രാജ്യതന്ത്രജ്ഞന്മാർ ഭയപ്പെടുന്നു. അങ്ങനെയൊരു യുദ്ധം പൊട്ടിപ്പുറപ്പെട്ടാൽ അണുബോംബും ഹൈഡ്റജൻബോംബും ഉപയോഗിക്കുവാൻ ഇരുകക്ഷികളും പരീക്ഷിക്കപ്പെടും. ലോകനാശമായിരിക്കും അതിന്റെ ഫലം. അതുകൊണ്ടു് അണുവായുധങ്ങളുടെ നിയന്ത്രണം ലോകനിലനിൽപ്പിനു് അത്യാവശ്യമെന്നു് വിവേകമുള്ളവർ ചിന്തിക്കയാണു്. ആത്മാവു് നരകത്തിൽ പോകുമെന്നു പറഞ്ഞുകേട്ടതുകൊണ്ടു് പാപം ചെയ്യാതിരിക്കുന്നവർ ആരുമില്ല. നരകത്തിന്റെയോ, ദൈവശിക്ഷയുടെയോ യാഥാർത്ഥ്യത്തെപ്പററി അത്രയ്ക്കേ മനുഷ്യർക്കു് ബോധമുള്ളൂ. എന്നാൽ ഹിരോഷീമായിൽ കഴിഞ്ഞ യുദ്ധത്തിൽ പരീക്ഷിച്ചുകണ്ട അണുബോംബിനെക്കുറിച്ചു ലോകത്തിനു് കൂടുതൽ യാഥാർത്ഥ്യബോധമുണ്ടു്. ഇനിയും യുദ്ധം ചെയ്താൽ ഇരുകക്ഷികളും നിർമ്മാജ്ജനം ചെയ്യപ്പെടും. രണ്ടുകക്ഷികളുടെയും കൈയിലുണ്ടു് ഈ മാരകായുധം. എങ്ങനെയെങ്കിലും ഇതിന്റെ വിനിയോഗം തടയാതെ തരമില്ലെന്നു് രാജ്യഭരണം നടത്തുന്നവരെല്ലാം ചുട്ടാലോചിക്കയാണു്. ശീതസമരം അവസാനിപ്പിച്ചു പരസ്പരധാരണയും വിശ്വാസവും വർദ്ധിപ്പിക്കുകയാണു് ലോകസമാധാനത്തിനുള്ള പ്രഥമപ്രധാനമായ ഉപാധി. സാധിച്ചാൽ നല്ലതാണു്. എങ്ങനെ സാധിക്കും. പൂച്ചയുടെ കഴുത്തിൽ മണികെട്ടാൻ ആലോചിച്ച എലികളുടെ മഹായോഗം പോലെ ദുർഘടതരമായ ഒരു വിഷമപ്രശ്നമാണു് ജനീവാസമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യസ്വഭാവത്തിന്റെ വൈചിത്ര്യത്തെപ്പററി അറിയാവുന്നവർ എങ്ങനെ ജനീവാസമ്മേളനത്തിന്റെ പരിപൂർണ്ണവിജയത്തെപ്പററി ശുഭപ്രതീക്ഷകരാകും. അടുത്തകാലത്തു് നടന്ന മലങ്കര സുറിയാനി സഭാസമാധാനാലോചനകളുടെ ഗതിയും ഫലവും ഈ മനുഷ്യസ്വഭാവ വൈചിത്ര്യത്തിന്റെ മകുടോദാഹരണമാണു്. ഇരുകൂട്ടർക്കുമറിയാം യോജിച്ചാൽ സമുദായത്തിന്റെ ഭാവി സുരക്ഷിതവും, ശോഭനവുമാണെന്നു്. രണ്ടു കക്ഷികൾക്കും വിശ്വാസമുണ്ടു് ഈ തീരാമത്സരം സമുദായത്തെ നാശത്തിലേക്കും അധഃപ്പതനത്തിലേക്കും നയിക്കുകയാണെന്നു്. എന്നിട്ടെന്തുഫലം! യോജിക്കുകയില്ല. അത്രതന്നെ. യോജിക്കണമെങ്കിൽ ചില പശ്ചാത്തലങ്ങൾ എല്ലാമുണ്ടായിരിക്കണം. സമുദായനേതൃനിരയിലും, അന്തരീക്ഷത്തിലും ദൈവഹിതത്തെപ്പററി പരമമായ ബോദ്ധ്യങ്ങൾ ഉണ്ടായിരിക്കണം. ആ ദൈവഹിതത്തിനു കുനിഞ്ഞുകൊടുക്കാൻതക്ക വിനയമുണ്ടായിരിക്കണം. ത്യാഗങ്ങൾ സഹിക്കുവാൻ തയാറാകണം. പ്രതിപക്ഷബഹുമാനം വേണം. ഇവയൊന്നുമില്ലാതെ ആലോചനകൾ നടത്തുന്നതിന്റെ പരിണതഫലം സുറിയാനിസമുദായം കഴിഞ്ഞ നാൽപ്പത്തിയഞ്ചു കൊല്ലങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുകയാണു്. അതിനൊരവസാനം കാണുന്നുമില്ല. ജനീവായിൽ സമാധാനമുണ്ടാകണമെന്നു പ്രാർത്ഥിക്കാനാണു് മെത്രാപ്പോലീത്താ തിരുമേനിമാർ ആഹ്വാനം ചെയ്തിരിക്കുന്നതു്. "നിങ്ങൾ ആരാധനകളും നേർച്ചകളും കഴിക്കുവാൻ ദേവാലയത്തിൽ ചെല്ലുമ്പോൾ ആർക്കെങ്കിലും നിങ്ങളോടു അസുഖമുണ്ടെന്നു തോന്നിയാൽ നേർച്ചകൾ അവിടെ വച്ചിട്ടുപോയി ആ സഹോദരനുമായി നിരപ്പാകുക: പിന്നെവന്നു് നേർച്ചകൾ അർപ്പിക്കുക" എന്നു കൽപ്പിച്ച മിശിഹാതമ്പുരാന്റെ തിരുവചനമാണു് ഓർമ്മയിൽ വരുന്നതു്. സമുദായമൽസരം ഇങ്ങനെയിട്ടുകൊണ്ടു് ജനീവാ സമ്മേളനത്തെപ്പററി നാം എങ്ങിനെ ശുഭപ്രതീക്ഷകൾക്കു വിധേയരാകും. ദൈവഗത്യാ ജനീവായിൽ കൂടിയിരിക്കുന്ന മഹാശക്തികളിൽ പ്രഥമഗണനീയനായ അമേരിക്കൻ പ്രസിഡണ്ടു ദിവസവും രാവിലെ ഈശ്വരഹിതമറിയുവാൻ മൗനസമയം ആചരിക്കുന്നവനാണു്. മററു പലരും ആ വിധത്തിലുള്ളവർ അവിടെ കാണുമായിരിക്കാം. ആ പൊഴുതിൽ കൂടെ ദൈവാത്മപ്രവർത്തനം സാധിക്കുമെന്നു് ആശിക്കാം. ലോകമെങ്ങുമുള്ള ദൈവവിശ്വാസികൾ ആ സമ്മേളന വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണു്. ലോകസഭാ കൗൺസിൽ പ്രവർത്തകന്മാർ ഈ സമ്മേളനവിജയത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളും ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണു്. നിരായുധീകരണം, ശീതസമര പര്യവസാനം, ജർമ്മനിയുടെ പുനസ്സംയോജനം ഫൊർമോസാപ്രശ്നം, കമ്മ്യൂണിസ്റ്റു് ചൈനായുടെ യു. എൻ. അംഗത്വം ഇങ്ങനെ പലതും ചർച്ച ചെയ്യപ്പെടുന്ന മഹാസമ്മേളനത്തിന്റെ വിജയത്തിനു നാമും പ്രാർത്ഥിക്കേണ്ടതാണു്. അനുതപിച്ചു്, ഏററുപറയാത്ത ഒരു പാപവും വച്ചുകൊണ്ടു് മിശിഹാതമ്പുരാന്റെ അടുക്കൽ സ്വാതന്ത്ര്യമായി അടുത്തുചെന്നു സഭാസമാധാനം തൽക്കാലം തന്നില്ലെങ്കിലും ജനീവാസമ്മേളനത്തിൽ കൂടെ ലോകസമാധാനം സ്ഥാപിക്കണമേ എന്നാണു് നാം പ്രാർത്ഥിക്കേണ്ടതെന്നു ഓർക്കുമ്പോൾ, കനത്ത ഒരുത്തരവാദിത്വബോധം ന

പ്രതിവാരപ്രഭാഷണം (The Sermon for the Week)

ക്രിസ്തുവിൻെറ മനസ്സലിവു്

(എം. ററി.)

വി. മർക്കോസ് 8. 1—9 വായിക്കുക.

വല്ലപ്പോഴും നാം വായിച്ചിട്ടുള്ളതും നമ്മുടെ ചിന്തക്കു വിഷയീഭവിച്ചിട്ടുള്ളതുമായ ഒരു വേദഭാഗമായിരിക്കാം ഇതു്. നമ്മുടെ കർത്താവിൻെറ അത്ഭുതപ്രവൃത്തികളെല്ലാംതന്നെ തൻെറ സ്വഭാവത്തെ വെളിപ്പെടുത്തുന്നതും മനുഷ്യരുടെ ഏതെങ്കിലും ആവശ്യനിർവ്വഹണത്തെ ലക്ഷ്യമാക്കിയുള്ളതും ആയിരുന്നു. ഏഴപ്പംകൊണ്ടു് നാലായിരം പേരെ പോഷിപ്പിച്ച ആ സംഭവം പ്രഥമമായി കർത്താവിൻെറ മനസ്സലിവിനെയാണു് കാണിക്കുന്നതു്. തൻെറ പ്രസംഗം കേൾക്കുവാനും രോഗശാന്തി പ്രാപിക്കുവാനും മററുമായി വളരെ ദൂരം സഞ്ചരിച്ചു് ആ വിജനസ്ഥലത്തു വന്നു ചേർന്ന വലിയ ജനക്കൂട്ടം രണ്ടു മൂന്നു ദിവസം തുടർച്ചയായി അവിടെ കഴിച്ചു കൂട്ടുകയായിരുന്നു. അവരുടെ ഭക്ഷണത്തിനുള്ള എന്തെങ്കിലും ഏർപ്പാടുകൾ ആരും ചെയ്തിരിക്കാനിടയില്ല. ചിലർ വല്ല ഭക്ഷണസാധനങ്ങളും കരുതി കൊണ്ടുവന്നിരിക്കാം. വിചാരിച്ചതിൽ കൂടുതൽ സമയം താമസിച്ചതിനാൽ ആ വകയെല്ലാം നേരത്തെ തീർന്നു പോയിരിക്കാം. മരുഭൂമിയായിരുന്നതുകൊണ്ടു ഭക്ഷണം വാങ്ങി കഴിക്കാനും സാദ്ധ്യമല്ലായിരുന്നു. ഉപവസിച്ചുകൊണ്ടുതന്നെയും ഒന്നോ രണ്ടോ ദിവസം യേശുവിനോടു കൂടെ ചെലവഴിക്കുന്നതു് അവരിൽ ചിലർക്കു പ്രയാസമായി തോന്നിയില്ലായിരിക്കാം. ഏതായാലും മൂന്നു ദിവസം ആയപ്പോൾ തിരിച്ചു പോകുവാൻ ആരംഭിച്ച ആളുകളുടെ ആവശ്യം യേശു മനസ്സിലാക്കി. തനിക്കു് അവരോടു മനസ്സലിവു തോന്നി. "ഞാൻ അവരെ പട്ടിണിയായി വീട്ടിലേക്കു അയച്ചാൽ അവർ വഴിയിൽ വെച്ചു തളർന്നു പോകും" എന്നാണു് കർത്താവു പറഞ്ഞതു്.

മനുഷ്യരുടെ ആവശ്യം എങ്ങനെ ഉള്ളതായാലും—ശാരീരികമായാലും ആത്മികമായാലും ശരി—അതിൻെറ കാരണമെന്തായാലും—അതു് അവരുടെ ആലോചനക്കുറവുകൊണ്ടോ അലസത കൊണ്ടോ മറെറന്തെങ്കിലും വിധത്തിലുള്ള കുററം കൊണ്ടോ സംഭവിച്ചതായാലും അല്ലെങ്കിലും ശരി—ആവശ്യത്തിൽ ഇരിക്കുന്നവരെ ദൈവം സഹതാപത്തോടു കൂടി വീക്ഷിക്കുന്നു എന്നുള്ള പരമാർത്ഥമാണു് യേശുവിൻെറ പ്രവൃത്തിമൂലം വെളിവാകുന്നതു്. സാധാരണ മതോപദേഷ്ടാക്കന്മാർ ചെയ്യാറുള്ളതുപോലെ മതം പ്രസംഗിക്കുന്നതു മാത്രമാണു് തൻെറ കർത്തവ്യമെന്നും ഭക്ഷണം കരുതാതെ വിജനസ്ഥലത്തേക്കു വന്ന വലിയ കൂട്ടത്തിനു ഭക്ഷണം കൊടുക്കുവാനുള്ള കടമ തനിക്കില്ലെന്നും യേശു പറഞ്ഞൊഴിഞ്ഞില്ല. വിശപ്പുകൊണ്ടു തളരുന്ന ആളുകളെ കണ്ടപ്പോൾ തൻെറ മനസ്സലിഞ്ഞു. അവരെ പോഷിപ്പിക്കാനുള്ള മാർഗ്ഗമെന്താണെന്നു താൻ ആലോചിച്ചു. ആ ആലോചനയിൽ ശിഷ്യന്മാരെയും ഭാഗഭാക്കാക്കി. അവരുടെ ആലോചന തനിക്കാവശ്യമായിരുന്നതു കൊണ്ടല്ല; അവരെയും ചില പാഠങ്ങൾ പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും ആവശ്യമായിരുന്നു. മരുഭൂമിയിൽ നാലായിരത്തിൽ പരം ആളുകൾക്കു ഭക്ഷണം കൊടുക്കുവാൻ ആർക്കു കഴിയും? എന്നുള്ള നിരാശാജനകമായ ചോദ്യം ചോദിക്കുവാനേ അവർ പ്രാപ്തരായുള്ളു. എന്നാൽ കർത്താവു് അവരുടെ കൈവശമുണ്ടായിരുന്ന തുച്ഛമായ വിഭവങ്ങളിലേക്കു അവരുടെ ശ്രദ്ധയെ ക്ഷണിച്ചു. ഏഴപ്പവും കുറേ ചെറിയ മീനും! നാലായിരം ആളുകളുടെ വിശപ്പടക്കുവാൻ ശിഷ്യന്മാർ കർത്താവിനു നൽകിയ സംഭാവനയായിരുന്നു അതു്! എന്നാൽ കർത്താവു പ്രാർത്ഥനാപൂർവ്വം അവയെ വാഴ്ത്തി വിതരണം ചെയ്തപ്പോൾ ആവശ്യത്തിനു മതിയാകത്തക്കവണ്ണം അവ വർദ്ധിച്ചു.

മനുഷ്യൻെറ കൈവശമുള്ള വിഭവങ്ങൾ മനുഷ്യൻെറ സ്വന്തമല്ല; അവ ദൈവത്തിൻെറ ദാനങ്ങളാണു്. അവയെ ദൈവഹിതപ്രകാരം മററുള്ളവരുമായി പങ്കു വെയ്ക്കേണ്ടതാണു്. അങ്ങനെ പങ്കു വെയ്ക്കാനുള്ള മനോഭാവം ഓരോ വ്യക്തിക്കുമുണ്ടാകുമ്പോൾ ലോകത്തിലെ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ദൈവത്തിനു പ്രവർത്തിക്കുവാൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കപ്പെടും. ഇതു ധനികന്മാരെ മാത്രം സംബന്ധിക്കുന്ന ഒരു പ്രശ്നമല്ല. എല്ലാവർക്കും ബാധകമാണു്. കൂടുതൽ ധനവും വസ്തുവകകളും കൈവശമുള്ളവർക്കു് ഈ മനോഭാവം ഉണ്ടാകുക എന്നുള്ളതു് ഒരു അടിയന്തിരാവശ്യമാണു്. എന്നാൽ പ്രയാസത്തിലും ഞെരുക്കത്തിലും കഴിച്ചു കൂട്ടുന്നവർക്കും ദരിദ്രന്മാർക്കു പോലും ഈ മനോഭാവം ഉണ്ടാകേണ്ടതാണു്. തങ്ങളുടെ കൈവശം വന്നുചേരുന്ന വിഭവങ്ങൾ തങ്ങൾക്കു തന്നെ മതിയാകുന്നില്ലെങ്കിൽ തന്നെയും അതിൽ ഒരു ഭാഗം തങ്ങളേക്കാൾ ആവശ്യത്തിലിരിക്കുന്നവർക്കു വേണ്ടി സ്വമനസാ മാററി വയ്ക്കുന്ന സമ്പ്രദായവും അതിനു പ്രേരകമായ മനോഭാവവും അനുഗ്രഹപ്രദമാണു്. അങ്ങനെ മാററിവെയ്ക്കുന്നതു കൊണ്ടുണ്ടാകുന്ന കുറവു് അത്ഭുതകരമായ വിധത്തിൽ പരിഹരിക്കപ്പെടും എന്നുള്ളതു ഒരു അനുഭവയാഥാർത്ഥ്യമാണു്. വസ്തുവകകളുടെ കുറവല്ല, പ്രത്യുത വസ്തുവകകളോടുള്ള നമ്മുടെമനോഭാവമാണു് നമ്മെ ദരിദ്രരാക്കിത്തീർക്കുന്നതു്. സഹോദരസ്നേഹത്തെക്കാൾ കൂടുതൽ ദ്രവ്യസ്നേഹം ആർക്കുണ്ടാകുന്നുവോ അആൾ തന്നെത്തന്നെയും മററുള്ളവരെയും നികൃഷ്ടാവസ്ഥയിലേക്കും നാശത്തിലേക്കും പായിക്കും. കുറേ ദിവസങ്ങൾക്കു മുമ്പു നമ്മുടെ നാട്ടിൽ ഒരു ക്രിസ്തീയ കുടുംബത്തിൽ നടന്ന ദാരുണസംഭവം പത്രങ്ങളിൽ വായിച്ചവർക്കും അതിനിടയാക്കിയ കാരണങ്ങൾ മനസ്സിലായിക്കാണുവാനിടയില്ല. ഒരു മൂ

മ്മെ അലട്ടാതിരിക്കയില്ല. ജനീവാസമ്മേളനംപോലെയുള്ള ലോകസമാധാനപരിശ്രമങ്ങളിൽ പ്രാർത്ഥനയിൽ പങ്കെടുക്കാനുള്ള അവകാശവും, സൗകര്യങ്ങളും; വീണ്ടെടുക്കാൻ, മാർഗ്ഗതടസ്സമായി നിൽക്കുന്ന സമുദായവഴക്കിനെപ്പററിക്കൂടെ നാം ചിന്തിക്കുവാനും, പ്രാർത്ഥിക്കുവാനും നാം ബാദ്ധ്യസ്ഥരാണു്. എല്ലാം എതിർകക്ഷിയുടെ കുററമാണെന്നുള്ള ചിന്താഗതി പരിശീലിച്ചിരിക്കുന്ന നേതാക്കന്മാർ ആണു് ജനീവായിൽ കൂടുന്നതെങ്കിൽ ഫലം നമുക്കുതന്നെ നിർണ്ണയിക്കാം. അങ്ങനെ അല്ലെങ്കിൽ ഫലം ദൈവം നിശ്ചയിക്കും. നമ്മുടെ തിരുമേനിമാരുടെ ആഹ്വാനം നാം ആദരിക്കുമ്പോൾ കേവലം "ആകാശത്തിലുള്ള ബാവായും നന്മനിറഞ്ഞ മറിയമും" ചൊല്ലിപ്പിരിയാനുള്ള ചുമതല മാത്രമല്ല നമ്മെ അഭിമുഖീകരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കുവാൻ ഇത്രയും എഴുതിയെന്നേയുള്ളു.

താവും ആറും കുട്ടികളും കൂടി അർദ്ധരാത്രി സമയത്തു് കിണററിൽ ചാടി ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു. മൂന്നു കുട്ടികൾ മൃതിയടഞ്ഞു. മററു മൂന്നു കുട്ടികളെയും മാതാവിനെയും പിതാവു രക്ഷപ്പെടുത്തി. ഈ അത്യാഹിതത്തിനുള്ള കാരണക്കാരൻ ആ പിതാവാണെന്നാണു് അറിവു്. അയാൾക്കും കുടുംബത്തിനും സുഖമായി കഴിയുവാൻ ആവശ്യമായ വസ്തുക്കളും ഗണ്യമായ ഒരു സംഖ്യ ബാങ്കിൽ നിക്ഷേപമായും ഉണ്ടു്. എന്നാൽ ഭാര്യയ്ക്കും മക്കൾക്കും വിശപ്പടക്കുവാൻ മതിയാകാത്ത വിഭവങ്ങൾ മാത്രമേ ഓരോ ദിവസവും അയാൾ വിട്ടുകൊടുക്കുകയുള്ളൂ. അതുമൂലമുള്ള പ്രയാസങ്ങളും കുടുംബകലഹങ്ങളും വർദ്ധിച്ചു വരികയാൽ ആ മാതാവിന്റെയും കുട്ടികളുടെയും ജീവിതം നരകതുല്യമായിത്തീർന്നു. അവർ രഹസ്യമായി ഒരുമിച്ചു കൂടി ജീവിതം അവസാനിപ്പിക്കുവാനുള്ള ഒരന്ത്യതീരുമാനം ചെയ്തു എന്നാണു് കേട്ടതു്. പിശുക്കനായ ആ പിതാവു് സ്വകുടുംബത്തെക്കാളധികമായി പണത്തെ സ്നേഹിച്ചു. ബാങ്കുനിക്ഷേപം ഇനിയും കുറേക്കൂടി വർദ്ധിച്ചേക്കാം. കൂടുതൽ വസ്തുക്കളും അയാൾ ശിഷ്ടായുസ്സിൽ സമ്പാദിച്ചേക്കാം. എന്നാൽ അതുകൊണ്ടെന്തു പ്രയോജനം? അയാൾക്കു തന്നെയോ മററുള്ളവർക്കോ ഉണ്ടാകും? അയാളുടെ മനസ്സിനും ജീവിതത്തിനും സമൂലമായ ഒരു പരിവത്തനം ഉണ്ടാകുന്നില്ലെങ്കിൽ—വസ്തുവകകളോടും പണത്തോടും അയാൾക്കുള്ള മനോഭാവം മാറിയില്ലെങ്കിൽ—അയാളുടെ വ്യക്തിപരമായ ജീവിതവും കുടുംബജീവിതവും നരകതുല്യമായിത്തന്നെ തുടരും. ദ്രവ്യാഗ്രഹം മനുഷ്യനെ മൃഗീയനാക്കിച്ചമയ്ക്കുന്നു.

നമ്മുടെ ചുററും എത്ര മാത്രം ദാരിദ്ര്യമാണു് ഉള്ളതു്. അതിനു നമുക്കു യാതൊരു ഉത്തരവാദിത്വവുമില്ലെന്നോ? സഹോദരവർഗ്ഗത്തിന്റെ ദുരിതനിവാരണത്തിനായി നമ്മുടെ ഇല്ലായ്മയിൽ നിന്നുപോലും വിധവയുടെ വെള്ളിക്കാശുപോലെ, തുച്ഛമെങ്കിലും ആത്മാർത്ഥതയും ആർദ്രതയും നിറഞ്ഞ സംഭാവനകൾ നൽകുവാൻ നാം സന്നദ്ധരാകുമ്പോൾ അപരിഹാര്യമെന്നു വിചാരിക്കപ്പെടുന്ന പ്രശ്നങ്ങൾക്കു സാവധാനത്തിലെങ്കിലും പരിഹാരസാദ്ധ്യത കണ്ടു തുടങ്ങും. നമ്മുടെ ജീവിതംതന്നെ ആ മനോഭാവംമൂലം അനുഗൃഹീതമായിത്തീരും. നമ്മുടെ കർത്താവിന്റെ മനസ്സലിവു നമുക്കും നൽകുവാൻ തന്നോടു നാം പ്രാർത്ഥിക്കണം. അപ്പോൾ ലോകത്തിൽ തന്നോടു ചേർന്നു പ്രവർത്തിക്കുവാനുള്ള പദവി നമുക്കും ലഭിക്കും. അതിനേക്കാൾ സൗഭാഗ്യകരമായ ഒരു പദവി വേറെ ഇല്ല തന്നെ.

(5-ാംപേജിൽനിന്നും തുടർച്ച)

ത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തി കെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടി വന്നിരിക്കുന്നു എന്നു പ്രവചിച്ചു (യൂദാ14-ാം വാക്യം) എന്നു കാണുന്നതു് അപ്പോക്രിഫൽ പുസ്തകമായ ഹാനോക്കു് 1. 9—ൽനിന്നു് എടുത്തിരിക്കുന്നതാണു്. പൗലൂസിന്റെ ലേഖനങ്ങളിൽ എല്ലാററിലുംതന്നെ കർത്താവിന്റെ മഹത്വപ്രത്യക്ഷതയെക്കുറിച്ചു പ്രത്യക്ഷമായോ പരോക്ഷമായോ പ്രസ്താവിച്ചിട്ടുണ്ടു്. തെസ്സലോനിക്യ ലേഖനത്തിന്റെ പൊതു വിഷയംതന്നെ "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ചു് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടി ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ 1. തെസ്സലോനിക്യർ 4. 16 -18 എന്നുള്ളതാണു്. സന്തോഷത്തിന്റെ ലേഖനം എന്ന അപരാഭിനാമമുള്ളതും ജയിലിൽ കിടന്നുകൊണ്ടു പൗലൂസ് ശ്ലീഹാ എഴുതിയതുമായ ഫിലിപ്പിയ ലേഖനത്തിൽ "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ" എന്നു പറഞ്ഞിരിക്കുന്നതിന്റെ കാരണമായി കൊടുത്തിരിക്കുന്നതു കർത്താവു വരുവാൻ അടുത്തിരിക്കുന്നു എന്നുള്ളതത്രെ.

വെളിപാടുപുസ്തകം അവസാനിക്കുന്നതിനു മുമ്പു പുതിയനിയമത്തിന്റെ മകുടം എന്ന മട്ടിൽ കാണുന്നതു കർത്താവിന്റെ പുനരാഗമനവും മരിച്ചവരുടെ പുനരുത്ഥാനവും വെള്ളസിംഹാസനവും തുറക്കപ്പെട്ട പുസ്തകങ്ങളും ന്യായവിധിയും മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിടുന്നതും പുതിയ ആകാശവും പുതിയ ഭൂമിയും മനുഷ്യരോടു കൂടെയുള്ള ദൈവത്തിന്റെ കൂടാരവും സകലവും പുതുതാക്കുന്നതും സ്വർഗ്ഗീയയരുശലേമും "ഇതാ ഞാൻ വേഗം വരുന്നു, ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു്" എന്ന വാഗ്ദത്തവും അവസാനമായി ആമ്മീൻ കർത്താവായ യേശുവേ വരേണമേ എന്ന പ്രാർത്ഥനയുമത്രെ.

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chirman: J. R. D. Tata, Esq.,

★

New India Assurance Co. Ltd,.

H. O. BOMBAY.

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Bonus on with Profits Policies (last declared) for the period ending 31-12-53.

Whole-Life: Rs. 16 per thousand per annum

Endowment: Rs. 14 per thousand per mannu

വേദവായനക്കുറിപ്പുകൾ

നാലാം സുവിശേഷം

തിങ്കൾ. 20: 19--23 (തുടർച്ച)

കർത്താവിന്റെ സമാധാനം യഥാർത്ഥത്തിൽ മനുഷ്യർക്കനുഭവവേദ്യമാകുന്നതു് അനുസരണത്തിൽക്കൂടെ മാത്രമത്രേ. ദൈവം നമ്മുടെ പിതാവാകുന്നു എന്നുള്ള അനുഭവമാണു് ഭയത്തിൽനിന്നും ആശങ്കയിൽനിന്നും നമ്മെ വിമുക്തരാക്കി നമുക്കു് ശാന്തിയും ഭദ്രതയും നൽകുന്നതു്. എന്നാൽ ആ പിതൃത്വം നമ്മുടെ ജീവിതത്തിൽ സഫലീകൃതമാകുന്നമെങ്കിൽ പുത്രോചിതമായ പിതൃസ്നേഹവും അനുസരണവും നമ്മിലുണ്ടാകണം.

"നിങ്ങൾക്കു് സമാധാനം. പിതാവു് എന്നെ അയച്ചതു് പോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." പിതാവു് തന്നിൽ വസിച്ചുകൊണ്ടു് തന്റെ പ്രവൃത്തികളെ നയിയ്ക്കുകയും തന്നെ ശക്തിപ്പെടുത്തുകയും ചെയ്തതു പോലെ പരിശുദ്ധാത്മാ മൂലം ദൈവം നമ്മിൽ വസിയ്ക്കുകയും ആ ആത്മാവിന്റെ ആഹ്വാനങ്ങളെ നാം ചെവിക്കൊള്ളുകയും ചെയ്യുന്നതിലാണു് യഥാർത്ഥസമാധാനം കിടക്കുന്നതു്.

ചൊവ്വാ. 20: 24-27

വിശുദ്ധ തോമാശ്ലീഹായെ സംശയക്കാരൻ എന്നു് വിളിക്കുന്ന ഒരു പാരമ്പര്യം സഭാചരിത്രത്തിൽ സൃഷ്ടിയ്ക്കപ്പെട്ടിട്ടുള്ളതു് എത്രയും നിർഭാഗ്യകരമെന്നേ പറയാനുള്ളു. മറ്റു ശിഷ്യന്മാരേക്കാൾ വിശ്വാസം കുറവായിരുന്നതായിട്ടെന്നോ സംശയം കൂടുതലുണ്ടായിരുന്നുവെന്നോ തെളിയിക്കുന്നതിനുള്ള യാതൊരു സഹായവും വേദപുസ്തകം നൽകുന്നില്ല. 20-ാം അദ്ധ്യായത്തിലെ 20-ാം വാക്യം വായിക്കുക. എന്നിട്ടു് വി. ലൂക്കോസിന്റെ സുവിശേഷം 24: 8-12 വരെയും വായിക്കുക.

കർത്താവായ യേശുമിശിഹാ ഉയിർത്തുവോ എന്നുള്ളതിനെപ്പറ്റി സംശയമുള്ളതു് ഇന്ത്യയുടെ അപ്പോസ്തലനായ വി. തോമാസിന്നല്ല, അപ്പോസ്തലന്മാരെ ന്യായം വിധിക്കുന്നവരായ നമുക്കാണു്. താൻ ഉയിർത്തുവെന്നു് നാം ആത്മാർത്ഥമായി വിശ്വസിക്കുന്നുവെങ്കിൽ എന്തുമാത്രം വ്യത്യാസം നമ്മുടെ ജീവിതത്തിൽ കാണണം!

ബുധൻ. 20: 24-29

"ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവമായിരുന്നു....വചനം ജഡമായിത്തീർന്നു, നമ്മുടെയിടയിൽ വസിച്ചു." എന്നുള്ള സുവിശേഷത്തിന്റെ ആദ്യഭാഗത്തെ പ്രഖ്യാപനം ഇപ്പോൾ യഥാർത്ഥ അനുഭവത്തിൽ വി. തോമസിനാൽ സ്ഥിരീകരിക്കപ്പെടുന്നു. "എന്റെ നാഥാ എന്റെ ദൈവമേ!" എന്നു് താൻ ആ നസറേത്തുകാരൻ യേശുവിനെ അഭിവന്ദിച്ചു് പ്രണാമം ചെയ്യുന്നു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തേക്കാൾ എത്രയോ പ്രൌഢതരവും അഗാധതരവുമായ ഒരു പ്രഖ്യാപനമാണിതു്!

ഒരു മന്ദസ്മേരത്തോടുകൂടിയായിരിക്കണം നാഥൻ തോമസിനോടു കല്പിച്ചതു്, "വരിക, നിന്റെ വിരലിവിടെ വെച്ചു് എന്റെ ആണിപ്പഴുതുകളെ കാണുക" എന്നു്. എന്നാൽ തോമസാകട്ടെ ഔദ്ധത്യത്തിന്നു് മുതിരാതെ തന്റെ ഗുരു യഹോവയായ ദൈവം തന്നെയാണെന്നു് ബോദ്ധ്യം വന്നതോടുകൂടി സാഷ്ടാംഗപ്രണാമം ചെയ്തു വന്ദിക്കുകയാണു ചെയ്യുന്നതു്.

വ്യാഴം. 20: 26-29

"കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്നുള്ള തന്റെ അന്ത്യഭാഗ്യ വചനം (Last Beatitude) ആരെപ്പറ്റിയാണു് പറഞ്ഞതു്? മററു പത്തു ശിഷ്യന്മാരെപ്പററിയോ? അല്ല ഒരിക്കലും അല്ല. അവർ കണ്ടതിന്നു് ശേഷം മാത്രമാണു് വിശ്വസിച്ചതു്. തന്റെ സ്വർഗ്ഗാരോഹണത്തിന്നു് ശേഷം സുവിശേഷപ്രസംഗം കേട്ടു് തന്നിൽ വിശ്വസിക്കുന്നവരെപ്പററിയാണു് താനിതു് പറഞ്ഞതു്. അതായതു് നമ്മെയോരോരുത്തരേയും പററി.

നിരാശയുടെ നിഴലിൽ ജീവിക്കുന്ന ഈ ലോകത്തിൽ യഥാർത്ഥഭാഗ്യം പ്രത്യാശയുടെ നാഥനായ കർത്താവിൽ വിശ്വസിക്കുകയെന്നതാണു്. ശാസ്ത്രത്തിന്റേയും തത്വത്തിന്റെയും പരീക്ഷണശാലകളിൽ കാണപ്പെടുവാൻ കഴിയാത്ത ആ നാഥൻ, പണ്ഡിതന്മാരുടേയും പണക്കാരുടേയും കണ്ണിൽപ്പെടാത്ത ആ കർത്താവു്, വിശ്വാസത്തിൽക്കൂടെ പാമരനും പണമില്ലാത്തവനും ഒരു പോലെ ഭാഗ്യദാതാവായി തീരുന്നു.

വെള്ളി. 20: 30-31

സുവിശേഷത്തിന്റെ പ്രധാന ഭാഗം ഇവിടെ അവസാനിക്കുകയാണു്. ഒരാഗ്രഹമേയുള്ളു സുവിശേഷകന്നു്. മനുഷ്യർ തങ്ങളുടെ രക്ഷകനെക്കാണണം. അവനിൽ വിശ്വസിച്ചിട്ടു് നിത്യജീവങ്കലേക്കു് കടക്കണം. അതിന്നായിട്ടാണിത്രയുമെഴുതിയതു്. തന്റെ സ്വന്ത അനുഭവത്തിലെ കാര്യങ്ങളാണു് താൻ എഴുതിയതു്.

90 വയസ്സുകഴിഞ്ഞ ആ സുവിശേഷകന്റെ ചിന്തയിൽ ചില കനകനിമിഷങ്ങളുണ്ടു്. അവയിലൊന്നാണു് യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്ന കാലത്തെ ഒരനുഭവം. ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടെന്നു് പറഞ്ഞു സ്നാപകൻ ഒരാളെ ചൂണ്ടിക്കാണിച്ചു. ആ മനുഷ്യൻ എവിടെത്താമസിക്കുന്നെന്നറിയാൻ വേണ്ടി ആ മനുഷ്യനെ അനുഗമിച്ചു. ഇന്നിതാ ജീവിതം മുഴുവൻ ആ മനുഷ്യന്റേതായിത്തീർന്നിരിക്കുന്നു. ആ മനുഷ്യൻ യഹോവയായ ദൈവം തന്നെയായിരുന്നു! ഈ സത്യം ലോകം മുഴുവനറിയണം. തന്നെപ്പോലെ അവരും ആ നാഥനെ അറിഞ്ഞനുഗമിക്കണം—ഒരാഗ്രഹമേയുള്ളു സുവിശേഷകന്നു്.

ശനി. 21; 1-4

വി. ലൂക്കോസ് സുവിശേഷമെഴുതിയതിന്നു് ശേഷം ദൈവത്തിന്റെ രക്ഷാപരമായ പ്രവർത്തനങ്ങൾ അവിടംകൊണ്ടവസാനിക്കുന്നില്ലെന്നു് മനസ്സിലാക്കി. പുതിയ ജീവനെന്നു പറയുന്നതു് പരിശുദ്ധാത്മാവാണു്. ആ ജീവൻ പ്രവർത്തിക്കുന്നതു് സഭയിലാണു്. സഭയാണു് സുവിശേഷത്തിന്റെ ഫലം. അതുകൊണ്ടു് സഭയുടെ ചരിത്രവും സുവിശേഷത്തിന്റെ ഒരു ഭാഗമാണു്. അങ്ങിനെയാണു് വി. ലൂക്കോസ് അപ്പോസ്തലപ്രവൃത്തികളെഴുതുവാൻ കാരണമായിത്തീർന്നതു്.

അതു തന്നെയാണു് നാലാം സുവിശേഷകന്റെയും മനസ്സിലുള്ളതു്. 21-ാം അദ്ധ്യായം വിശുദ്ധസഭയുടെ ആരംഭ ചരിത്രമാണു്.

ഉയിർത്തെഴുന്നേററവനായ ക്രിസ്തു ഇന്നെവിടെയാണുള്ളതു്? നമ്മിലോരോരുത്തരിലും തന്നെ. തന്നെ ലോകത്തിന്നു് കാണിച്ചുകൊടുക്കേണ്ടുന്ന ചുമതലയാണു് നമ്മിലവശേഷിച്ചിരിക്കുന്നതു്. പക്ഷേ അതിന്നു് മുൻപു് താൻ തന്നെത്തന്നെ നമുക്കു് വെളിപ്പെടുത്തണം. അതിന്നു് ദൈവം നമ്മെ യോഗ്യരാക്കട്ടെ.

ചർച്ചുവീക്കിലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

	രൂ. ണ. സ.
ഒരു വർഷത്തേക്കു്	6—0—0
ആറു മാസത്തേക്കു്	3—0—0
ഒററപ്രതി	0—2—0

പുലിക്കോട്ടിൽ യൗസേപ്പ് റമ്പാൻെറ കത്തുകൾ

36 വർഷം മുമ്പു് എഴുതിയതു്

[ബിഷപ്പ് മാർ പത്രോസ് ഒസ്സ്താത്തിയോസ്]

കുന്നംകുളം 10 ജനുവരി 1919

എൻെറ പ്രിയപത്രോസ് ശെമ്മാശനു്,
കോളേജ്, സെറാമ്പൂരു്,

ഇവിടത്തെ വിജാതീയ മിഷ്യൻ വേലയെപ്പററി നിങ്ങൾക്കു ഒരു വിവരവും ഇല്ലായിരിക്കാം. പണപ്പിരിവിനായി ഐസക്ക് ദാനിയേൽ ഉപദേശിയും കൂടെ ദാവീദു ഉപദേശിയും കഴിഞ്ഞ ആണ്ടിൽ ഇവിടെ എത്തി. അവരുടെ സാന്നിദ്ധ്യത്തിൽ ഇവിടെ പുലയരുടെ ഒരു മഹായോഗം കൂടി. വരുന്നവർക്കെല്ലാം കഞ്ഞിയും കാശും കൊടുക്കുമെന്നു വിളംബരപ്പെടുത്തിയിരുന്നതിനാൽ പത്തു രണ്ടായിരത്തോളം പുലയരോളം കൂടി. അന്നു മുപ്പതു എണ്ണം ആദായപ്പെട്ടു. അടുത്ത ദിവസവും യോഗം കൂടി. അന്നു അഞ്ചെണ്ണമേ ചേർന്നൊള്ളു. ആയിടക്കു ദാവീദു ഉപദേശി മസൂരിരോഗം പിടിപെട്ടു ഇവിടെവച്ചു മരിച്ചു. ദാനിയേൽ ഇവിടെ നിന്നു പിരിഞ്ഞുകിട്ടിയ പത്തിരുനൂറു ഉറുപ്പികയുമായി തിരിച്ചുപോയി. ഇവിടെയുള്ള വിജാതീയ മിഷ്യൻെറ അടിസ്ഥാനമിട്ടവർ അവരാണെന്നു പറയാം. പിന്നീടു നാലഞ്ചുമാസം മുമ്പു തെക്കുള്ള വിജാതീയ മിഷ്യൻ സെക്രട്ടറി മിസ്റ്റർ കൊച്ചുകോശിയുമായി ഞാൻ കത്തിടപാടുകൾ നടത്തി ഒരു യൗസേപ്പ് ഉപദേശിയെ വരുത്തി. അദ്ദേഹം ഇപ്പാഴും ഇവിടെത്തന്നെയാണ്. വളരെ നല്ല ആൾ, നല്ല ഉൽസാഹിയും . ഇയാളുടെ സ്ഥിരപരിശ്രമം കൊണ്ടു് ഇപ്പോൾ ഇവിടെ 150 പേർ മാമോദീസാ കൈക്കൊണ്ടവരായിട്ടുണ്ടു്. ഇനിയും ഈ സംഖ്യ കൂടാനും ഇടയുണ്ടു്. പക്ഷെ പണത്തിൻെറ കാര്യത്തിലാണു കിടന്നു മിഴിക്കുന്നതു്. മാമോദീസാ കൈക്കൊള്ളുമ്പോൾ പുതിയ ഒരു മുണ്ടും ഒരു തോർത്തും കൊടുക്കുക ഇവിടെ പതിവുണ്ടു്. ഇതിനു പുറമെ ഇപ്പോൾ മസൂരിയും മററും ഉള്ള കാലമാകകൊണ്ടു അവർക്കു ചെലവിനു കൊടുത്തും ജോലി ഉണ്ടാക്കിച്ചു കൊടുത്തും മറെറാരുവക വീടില്ലാത്തവർക്കു പാർക്കുവാൻ ഒരു ഷെഡ് പണിയിച്ചിട്ടുണ്ടു്. ഇതിനു പത്തിരുനൂറു ഉറുപ്പികയായി. ഞങ്ങൾ അങ്ങാടി നടന്നു പിരിച്ചും ജനങ്ങൾ പിരിവു തന്നും കുഴങ്ങി. ഇതുവരെ ഈ ഒരിനത്തിലേക്കു പത്തുരണ്ടായിരം ഉറുപ്പിക ചെലവായിട്ടുണ്ടു്. അങ്ങാടികളിൽക്കൂടി നോമ്പുവീടൽനാൾ ഈ പുതുക്രിസ്ത്യനികളെക്കൊണ്ടു പാട്ടുപാടിച്ചു് ഒരു ഘോഷയാത്ര നടത്തി. ഒരു കിണ്ണം എടുത്തു ഞാൻ മുമ്പിലും നടന്നു് സമുദായ ഭേദം കൂടാതെ എല്ലാ വീട്ടിലും കയറി നടന്നു വിയത്തു ബുദ്ധിമുട്ടിയെങ്കിലും 100 ക. അന്നു പിരിഞ്ഞു. സാധാരണയായി 3പൈ ആണു ഓരോരുത്തരും കിണ്ണത്തിൽ ഇട്ടിരുന്നതു്. ദുർല്ലഭം ചിലർ അതിൽക്കൂടുതലും ഇട്ടിട്ടില്ലെന്നില്ല. അപ്പോൾ നോക്കുക ഏതെല്ലാം സ്ഥലങ്ങളിൽ ഞങ്ങൾ നടന്നു പോയെന്നു?

എന്നു്, സ്വന്തം ഡീക്കൺ പി.
ജോസഫ്.

കുന്നംകുളം
6. 2. 1919.

എൻെറ പ്രിയ പത്രോസ് ശെമ്മാശനു്, കോളേജ്, സെറാമ്പൂരു്,

മദിരാശിയിൽ നിന്നു അച്ചടിക്കടലാസ് എത്തേണ്ടുന്ന താമസമേയുള്ളു മിമോദീസാക്രമം ഇറങ്ങാൻ.

കുർബാനത്തക്സാ (മല്ലപ്പള്ളി)മെത്രാച്ചൻെറ പേർക്കു് എങ്ങനെയാണ അയയ്ക്കുക. എങ്ങനെയാണയയ്ക്കാതിരിക്കുക. എന്നിങ്ങനെ സംശയിച്ചുകൊണ്ടാണെൻെറ ഇരിപ്പ് അയച്ചില്ലെങ്കിൽ പക്ഷെ നീരസത്തിനും പാത്രമായേക്കും. അതിനും പുറമെ ഇടയ്ക്കു വല്ല സ്ഖലിതങ്ങളും പററിപ്പോയിട്ടുണ്ടെങ്കിൽ അവ ബഹുജനസമക്ഷം കൊട്ടിഘോഷിക്കയും ചെയ്യും. പരിശോധനയ്ക്കു അയച്ചാൽ ഇതിനൊക്കെ പൊറുതിയുണ്ടു്. കുർബാനത്തക്സാ അസ്സൽ എഴുതിത്തുടങ്ങുംമുമ്പ് അതിലുള്ള എൻെറ ഏതാനും സംശയങ്ങൾക്കു സമാധാനം കിട്ടേണ്ടിയിരിക്കുന്നു. അവകയിൽ ചിലതു ഇതാ പകർത്തി അയയ്ക്കുന്നു. യഥാസൗകര്യം ആലോചിച്ചു മറുപടി തരിക.-----രണ്ടും കല്പിച്ച് വേഷംകെട്ടിയ നമുക്കു എന്തു ക്രൂസാനാണ്? അസ്സലെഴുതിവരുന്ന കുർബാനത്തക്സാ പരിശോധനയ്ക്കു അയക്കട്ടെയോ എന്നു ഞാൻ തിരുമേനിയോടു എഴുതി ചോദിച്ചിട്ടുണ്ടു്. പെട്ടെന്നു അതുമിതും പറഞ്ഞു് ഉരുളാതിരുപ്പാൻ പല തടകളും ഞാൻ വെച്ചിട്ടില്ലെന്നില്ല. നിങ്ങളുടെ ഇംഗ്ലീഷ് സമ്പ്രദായം എടുത്തു പ്രയോഗിച്ചാൽ പിന്നത്തെ ഫലം ഊഹ്യമാണ്. തക്സാ പരിശോധിക്കാമെന്നെങ്കിലും കല്പന വരട്ടെ. പിന്നെ അതു കയ്യിൽ പിടിപ്പിച്ചു ഇങ്ങോട്ടു വലിക്കാം. വലി മുറുക്കിയാൽ താനേ കയ്യ് അഴിയും. ഈ സമ്പ്രദായമാണു ഞാൻ മാമോദീസാക്രമത്തിൻെറ കാര്യത്തിൽ പ്രയോഗിച്ചതു്--

മെത്രാച്ചൻെറ മറുപടിയിൽ, കൂദാശകൾ തർജ്ജിമ ചെയ്തു് അച്ചടി

THE BANK OF NEW INDIA Ltd.

ASSURES
EFFICIENCY AND SAFETY
OFFERS
BANKING FACILITIES OF ALL KINDS

Chairman: K. GEORGE, B. A

Other Directors:

Sri. E. J. Philipose, B. A. B. L.
,, P. T. Varughese,
,, C. K. Therakath
Sri. N. O. Inasu,
,, P. K. Chacko
,, P. C. Kurian, M. A. B. L.,

General Manager: Sri. K. E. CHERIAN

H. O.
TRIVANDRUM-1.

BRANCHES:
17 in T. C. STATE.

യുവജനപംക്തി.

വി. യോഹന്നാന്റെ സുവിശേഷം എഴുതിയ കാലത്തെ ചിന്താഗതികൾ

ആദിമ സഭയുടെ വിശ്വാസാചാരങ്ങൾക്കനുസരണമായിട്ടാണ് ഈ സുവിശേഷം എഴുതിയിരിക്കുന്നതെന്നു നാം കണ്ടുവല്ലോ. ചരിത്രപരമായ കാര്യങ്ങളിൽ മററു സുവിശേഷങ്ങളെ അനുകരിക്കുന്നില്ലെങ്കിലും ആദിമസഭയുടെ പ്രധാനപ്പെട്ട സുവിശേഷദൂതുകളുമായി യോജിക്കുന്നുണ്ടു്. സുവിശേഷം വായിക്കുന്ന ആളുകളുടെ ചിന്താഗതിയും പശ്ചാത്തലവും വ്യത്യാസമായതുകൊണ്ടാണ് ഇപ്രകാരം അതിന്റെ രചനാരീതിയിലും വ്യത്യാസം വരുത്തിയിട്ടുള്ളതു്. അന്നു നിലവിലിരുന്ന പല ചിന്താഗതികളുമായി ഈ സുവിശേഷത്തിനു സാമ്യമുണ്ടെങ്കിലും അവയുമായി എന്തെങ്കിലും ബന്ധമുണ്ടെന്നു വിചാരിക്കുവാൻ ന്യായമില്ല.

1. അന്നു പ്രചാരത്തിലിരുന്ന സാഹിത്യങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു "ഹെർമററിക് സാഹിത്യം" എന്ന പേരിനാൽ അറിയപ്പെടുന്നതാണ്. ജനങ്ങൾ ദൈവത്തെപ്പോലെ ആരാധിച്ചിരുന്ന ഈജിപ്തുകാരനായ ഒരു സന്യാസിയാണ് ഇതിന്റെ ജനയിതാവു്. മററു മതങ്ങളിലെ ആശയഗതികളോടു സാധർമ്മ്യമുള്ള പല ചിന്താഗതികളും ഇദ്ദേഹത്തിന്റെ സാഹിത്യത്തിൽ കാണപ്പെടുന്നുണ്ടു്. ലോകത്തിന്റെ പിതാവും നിർമ്മാതാവുമായ ഏകദൈവത്തിൽ അവർ വിശ്വസിച്ചിരുന്നു. ഈ ദൈവം മനുഷ്യരിൽ നിന്നു സ്തുതിയും സ്തോത്രവും നന്ദിയുമല്ലാതെ യാഗങ്ങൾ ആഗ്രഹിക്കുന്നില്ല. നന്മ ചെയ്തു ജീവിക്കണമെന്നല്ലാതെ മററു യാതൊരു സേവനവും ആ ദൈവം ആവശ്യപ്പെടുന്നില്ല. തിന്മയിൽനിന്നും ഒഴിഞ്ഞിരിക്കുന്നതാണു യഥാർത്ഥമായ ദൈവിക സേവനം. ഈ ലോക കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുകയും ജീവിതത്തിൽ വിശുദ്ധി പാലിക്കുകയും ചെയ്താൽ അതാണു ദൈവത്തിനു് ഇഷ്ടമുള്ള യാഗം. രക്ഷയെന്നുള്ളതു ദൈവത്തെ വേണ്ടവിധം അറിയുന്നതാകുന്നു. ഈ ജ്ഞാനം ലഭിക്കുന്നതുമൂലമാകുന്നു പൂർണ്ണതയും ദൈവത്തോടുള്ള സാദൃശ്യവും ഉണ്ടാകുന്നതു്. ജ്ഞാനമെന്നു പറയുന്നതു് ആളത്വമില്ലാതെ ദൈവത്താൽ പ്രവർത്തിക്കപ്പെടുന്ന ഏതോ ഒരു ശക്തിയാണ്. മനുഷ്യാതീതനായ ദൈവം ആത്മാവാകയാൽ മണ്മയനായ മനുഷ്യനുമായി ഇടപെടുന്നതിനു ചില ഇടവർത്തികളുണ്ടു്. ഈ ആശയങ്ങളോടു സാമ്യമുള്ള പല ആശയങ്ങളും നാലാമത്തെ സുവിശേഷത്തിൽ നമുക്കു കാണ്മാൻ കഴിയും.

2. അന്നു നിലവിലിരുന്ന മറെറാരു പ്രധാന ചിന്താഗതിയാണു "ഹെലനിസ്റ്റിക് ജൂഡയിസം". യഹൂദന്മാർ യവനന്മാരുടെ ചിന്താഗതികൾ അംഗീകരിക്കുവാൻ തുടങ്ങിയപ്പോഴാണ് ഈ ആദർശം വളരുവാൻ തുടങ്ങിയതു്. ഒരു യഥാർത്ഥ യഹൂദനായിരുന്ന ഫൈലോ യഹൂദ മതത്തിലുള്ള സത്യങ്ങൾ അന്നത്തെ ചിന്താലോകത്തിനു രുചിക്കത്തക്കവണ്ണം തത്വജ്ഞാനപരമാക്കണമെന്ന് ആഗ്രഹിച്ചു. മനുഷ്യന്റെ അഗാധമായ ചിന്തയുടെ ഫലമായിട്ടാണു പരമമായ സത്യങ്ങൾ നമുക്കു വെളിപ്പെട്ടു വരുന്നതു്. എന്നാൽ യഹൂദമതത്തിൽ ഇപ്രകാരം ലഭിച്ചിട്ടുള്ള തത്വജ്ഞാനപരമായ തത്വങ്ങൾ മനുഷ്യന്റെ ചിന്തയുടെ ഫലമായിട്ടുണ്ടായതല്ലെന്നും ദൈവംതന്നെ വെളിപ്പെടുത്തീട്ടുള്ളതാണെന്നും കാണിക്കുവാനാണു ഫൈലോ ശ്രമിക്കുന്നതു്. മനുഷ്യന്റെ പരമമായ ലാക്കു ദൈവത്തെ അറിയുകയെന്നുള്ളതാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നതുപോലെ ദൈവത്തെ മനസ്സിലാക്കുന്നതിനു രൂപകങ്ങൾ ഫൈലോയും ഉപയോഗിച്ചിരുന്നു. വെളിച്ചം, ജീവന്റെ ഉറവ, മുതലായവ ഇതിനു ഉദാഹരണങ്ങളാണ്.

ഫൈലോയുടെ ചിന്താഗതിയിൽ ഒരു ദ്വിമനസ്ഥിതിയുണ്ടായിരുന്നുവെന്നു നമുക്കു കാണ്മാൻ കഴിയും. ഒരു ഗ്രീക്കു തത്വജ്ഞാനിയെന്ന നിലയിൽ ദൈവത്തിന്റെ ദിവ്യത്വത്തെക്കുറിച്ചും മനുഷ്യനു അതീതനാണെന്നുള്ളതിനെക്കുറിച്ചും അദ്ദേഹം പറയുന്നു. എന്നാൽ ഒരു യഹൂദനെന്ന നിലയിൽ പഴയ നിയമത്തിൽ കാണുന്നതുപോലെ ദൈവം മനുഷ്യനോടു വളരെ അടുത്തവനാണെന്നുംപറയുന്നു. "വചനം" (logos)മൂലമാണ് ഈ വിടവ് അദ്ദേഹം നികത്തുന്നതു്. യഥാർത്ഥലോകമെന്നും മനുഷ്യാതീതലോകമെന്നും രണ്ടു ലോകങ്ങളെപ്പററി പ്ളേറേറാ പറയുന്നുണ്ടു്. യഥാർത്ഥമായ ജ്ഞാനം ഈ ലോകത്തെ അറിയുകയാണ്.

പ്പിക്കുന്ന സംഗതിയിൽ ചിലർക്കൊക്കെ സന്തോഷവും ആഗ്രഹവും ഉണ്ടെങ്കിലും എതിരഭിപ്രായക്കാർ അനേകരുണ്ടെന്നു കല്പിച്ചിരിക്കുന്നു. ---തക്സാ പരിശോധിപ്പാൻ അദ്ദേഹത്തിനു അവസരമില്ലെന്നും, മാമോദീസാക്രമം ആദിയായവ പ്രസിദ്ധീകരിക്കുന്നതിനു അനുവാദം നൽകാൻ അദ്ദേഹം ഭയപ്പെടുന്നുണ്ടെന്നും സ്പഷ്ടമാണ്. മെത്രാച്ചന്റെ ആനുകൂല്യത്തെമാത്രം ആധാരമാക്കിയല്ലല്ലൊ നാം ഈ പ്രവൃത്തിക്കു കച്ചകെട്ടി ഇറങ്ങിയതു്. നമ്മുടെ മേലദ്ധ്യക്ഷന്മാരിൽ നിന്നു ഈ ദൃശങ്ങളായ പ്രോൽസാഹനങ്ങളേ നമുക്കു ലഭിക്കു എന്നും നാം മുമ്പെ അറിഞ്ഞിട്ടുള്ളതുമാണ്. നമ്മൾ ആലോചിച്ചിട്ടില്ല. ചോദിച്ചില്ല എന്നുള്ള അപരാധങ്ങൾക്കു ഇനി ഇടയില്ല. നിശ്ചയം, ഇനി നമ്മുടെ സൗകര്യാനുസരണം ഓരോന്നോരോന്നു പുറത്തു വിടുകതന്നെ.

എന്നു

സ്വന്തം ഡീക്കൺ പി. ജോസഫ്.

Janatha Tile Works Kottayam.

ETTUMANOOR P. O.

ജനതാ ഓട്ടുകമ്പനി

മേത്തരം മേച്ചിലോടുകൾ മൂലയോടുകൾ തറയോടുകൾ, കണ്ണാടി ഓടുകൾ, പുകമയോടുകൾ, ചുടുകട്ടകൾ ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECIALITY.

For further particulars please write to:

P. A. POONNEN,

Palampadam, Kottayam, or The Manager, Janatha Tile Works

Ettumanoor P. O.

Licence No. 498 Dated 20-8-1946 M.Reg. 85

THE CHURCH WEEKLY

ക്രൈസ്തവലോകം

സ്പെയിനിലെ മതസ്വാതന്ത്ര്യം

റോമൻ കത്തോലിക്കർ അകത്തോലിക്കരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടുകൂടെന്നു ഒരു സ്പാനിഷ് കോടതി വിധിച്ചിരിക്കുന്നു. മാഡ്റിഡിലെ അപ്പീൽക്കോടതിയുടെ ഈ വിധി അകത്തോലിക്കർക്കും വിവിധ പ്രോട്ടസ്റ്റൻറ് സഭാ വിഭാഗങ്ങളിലെ അംഗങ്ങൾക്കും മൌലികമായ പ്രാധാന്യം ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇന്നത്തെ ഭരണത്തിൻകീഴിൽ അകത്തോലിക്കർ റോമൻ കത്തോലിക്കസഭാംഗങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ പാടില്ലെന്നാണു വെയ്പ്പ്. നിയമപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഈ തീരുമാനം രാഷ്ട്രീയമായും മതപരമായും ഭരണഘടനാപരമായും വളരെ പ്രാധാന്യമുള്ളതാണ്.

1947—ലെ ഭരണഘടനയുടെ 6-ാം വകുപ്പിനെക്കുറിച്ച് ഒരു കോടതി ആദ്യമായി നൽകിയ വ്യാഖ്യാനമാണിതെന്നാണ് ഒരു കാരണം. സ്പാനിഷ് ചാർട്ടർ എന്നു വിളിച്ചുവരുന്ന ഭരണഘടന ആരാധനാസ്വാതന്ത്ര്യം നൽകുന്നുണ്ട്. പക്ഷേ ഈ വകുപ്പു മററു പല വകുപ്പുകളെയും പോലെ പ്രായോഗികമാക്കിയിട്ടില്ല. സങ്കലിത വിവാഹങ്ങളെക്കുറിച്ച് എക്സിക്യൂട്ടീവും ഭരണപരവുമായ തീരുമാനങ്ങളെയെല്ലാം ഈ വിധി റദ്ദാക്കുന്നു. ഈ തീരുമാനങ്ങൾ റോമൻ കാത്തോലിക്കസഭയുടെ നിയമാവലിയായ കാനോൻനിയമങ്ങളെ അടിസ്ഥാനമാക്കിയാണ്. കാനോൻനിയമപ്രകാരം സങ്കലിതവിവാഹങ്ങൾ നിരോധിച്ചിരിക്കയാണ്. ചുരുക്കം ചില ഒഴിവുകളെ ഈ നിയമത്തിനുള്ളു. കാനോൻനിയമപ്രകാരം ഔദ്യോഗികമുടക്കമില്ലാത്തിടത്തോളം കാലം കത്തോലിക്കനായി ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടുള്ള ഒരാൾ കത്തോലിക്കനായി തുടരുന്നുവെന്നാണ്. മാഡ്റിഡ് കോടതി വിധിപ്രകാരം താൻ കത്തോലിക്കമതത്തിൽ വിശ്വസിക്കുന്നില്ലെന്നു പ്രഖ്യാപിച്ചാൽ അയാളെ കത്തോലിക്കനായി കരുതിക്കൂടാ എന്നാണ്. ഈ തീരുമാനം സ്പാനിഷ് പ്രോട്ടസ്റ്റൻറുകൾ നിയമപരമായി എടുത്ത നടപടിയുടെ ഫലമാണ്. ഭരണഘടമൂലം ലഭിച്ചിട്ടുള്ള ആരാധനാസ്വാതന്ത്ര്യം തങ്ങൾക്കു ലഭിക്കുന്നില്ല എന്നായിരുന്നു അവരുടെ പരാതി. ഒരു റോമൻ കത്തോലിക്കാ പുരോഹിതനായിരുന്നശേഷം ഇപ്പോൾ ഒരു അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്ന എർണാസ്റ്റോ വെലിവ് രണ്ടു ടെസ്റ്റ് കേസുകൾ സ്പാനിഷ് കോടതികൾ മുൻപാകെ കൊണ്ടു വന്നു. ഒരു സങ്കലിതവിവാഹത്തിനു ലൈസൻസ് കിട്ടാഞ്ഞതിനെ ആസ്പദമാക്കിയാണൊരു കേസ്.

മറെറാരു കേസ്സ് മൂന്നു സ്പാനിഷ് യുവാക്കന്മാർ പ്രോട്ടസ്റ്റൻറു സാഹിത്യം മാഡ്റിഡിലെ തെരുവുകളിൽ വിതരണം ചെയ്തുകൊണ്ടിരുന്നപ്പോൾ അറസ്റ്റ് ചെയ്യപ്പെടുകയും അതിന്മേൽ ഒരു ക്രിമിനൽ കുററം ചാർജ് ചെയ്യപ്പെടുകയുമുണ്ടായി. അതാണു മറെറാരു കേസ്.

1953 ആദ്യം ദക്ഷിണ സ്പെയിനിലെ പോർട്ടൊലാണോ എന്ന സ്ഥലത്തുകാരനായ ഒരു റോമൻകത്തോലിക്കനായി കരുതപ്പെടുന്ന ഫിഡൽ ജീൻസ് ഇസ്കൂിറാഡോ (25 വയസ്സ്) മാഡ്റിഡുകാരിയായ മെരീജോസേ ഫാട്ടൊനെസ് ഗോൺസാലെസ് (22 വയസ്സ്) എന്ന സ്ത്രീയെ വിവാഹം ചെയ്യുവാൻ ഒരു ലൈസൻസിന്നപേക്ഷിച്ചു. 1953 മെയ് 16-ാംതീയതി ഈ അപേക്ഷ തിരസ്കരിക്കപ്പെട്ടു. ഇതിൻെറ അടിസ്ഥാനം റോമൻകത്തോലിക്കരും അകത്തോലിക്കരും തമ്മിലുള്ള വിവാഹത്തെ നിരോധിച്ചുകൊണ്ടുള്ള നിയമമന്ത്രി കാര്യാലയത്തിൻെറ ഒരു കല്പനയായിരുന്നു. ഇതു ഭരണഘടനപ്രകാരം തെററാണെന്നു വാദിച്ചുകൊണ്ട് സെനർ വെൾവെ അഞ്ചു ജഡ്ജിമാരടങ്ങുന്ന മാഡ്റിഡ് അപ്പീൽ കോടതിയിൽ വാദം നടത്തി. സ്പെയിനിൽ രാഷ്ട്രീയമായി അംഗീകൃതമായ മതം റോമൻ കത്തോലിക്കാ മതമാണ്. നിലവിലുള്ള നിയമങ്ങൾ മതപരമായ വിവാഹച്ചടങ്ങുകൾ മാത്രമേ റോമൻകത്തോലിക്കർക്കു അനുവദനീയമായ വിവാഹമായി കണക്കാക്കപ്പെടുന്നുള്ളു. പക്ഷേ സ്പാനിഷ് സിവിൽകോഡ് കത്തോലിക്കാ അകത്തോലിക്കാ വിവാഹത്തെ നിരോധിക്കുന്നതായി യാതൊന്നും പറയുന്നില്ല. അതിനാൽ സ്പാനിഷ് നിയമം സങ്കലിതവിവാഹങ്ങളെ നിരോധിക്കുന്നില്ല എന്നു വാദിച്ചു. 1941-ലെ മിനിസ്റ്റിറിയിൽ കല്പന കാനോൻനിയമത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണെന്നും അതിനാൽ അതു സ്വീകാര്യമല്ലെന്നുമാണ് സെനോർ വാൽവെ വാദിച്ചതു്. കോടതി ഈ വാദം സ്വീകരിച്ച് മുൻ പറഞ്ഞതുപോലെ തീരുമാനിക്കുകയുണ്ടായി. പത്തു ദിവസത്തിനകം ഗവൺമെൻറിനു സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. പക്ഷേ പ്രോട്ടസ്റ്റൻറ് സമുദായാംഗങ്ങൾ ഗവൺമെൻറു തന്നെ വേറൊരു കേസ്സിൽ ഇങ്ങനെയൊരു വിവാഹത്തെ അനുകൂലിച്ചതായി ചൂണ്ടിക്കാണിക്കുന്നു. ഒരു പ്രോട്ടസ്റ്റൻറ് യുവാവിൻേറയും യുവതിയുടേയും വിവാഹം ഫ്റാങ്കോ തന്നെ ഇടപെട്ടു നിയമമന്ത്രിയുടെ ഓർഡർപ്രകാരം നടത്തുവാനനുവാദം കൊടുക്കുകയുണ്ടായി.

ലോകത്തിനു അർത്ഥവും ക്രമമായ പുരോഗതിയും നൽകുന്ന ഏതോ ഒരു തത്വം അതിൻെറ പിന്നിലുണ്ടെന്നും അതാണു ദൈവമെന്നും സ്റ്റോയിക്കു (stoics)കൾ പറയുന്നു. എന്നാൽ ലോകത്തിൽ കാണുന്ന അർത്ഥവും അതിൽ പ്രവർത്തിക്കുന്ന ശക്തിയും ദൈവമല്ലെന്നും ദൈവത്തിൻെറ പ്രവർത്തനങ്ങളുടെ ഒരു പ്രകടനമാണ് അവയെന്നും ഫൈലോ പറയുന്നു. ആ പ്രമാണത്തിനു (logos) "വചനം" എന്ന പേരാണു ഫൈലോ നൽകുന്നതു്. അതുകൊണ്ടു "വചനം" ഒരു യഥാർത്ഥമാണെങ്കിലും ദൈവം തന്നെയാണെന്നുവിചാരിക്കരുതു്. ഈ "വചന"മാണു പാഴായും ശൂന്യമായും കിടക്കുന്ന ലോകത്തിനു അർത്ഥം കൊടുക്കുന്നതു്. സൃഷ്ടിയിൽ ദൈവത്തിൻെറ ഏജൻറാണ് ഈ വചനം. ഈ വചനം ആദിമുതൽ ദൈവത്തോടു കൂടിയുണ്ടായിരുന്നു.

വി. യോഹന്നാൻെറ സുവിശേഷത്തിലെ ആശയങ്ങളുമായി ഇവയ്ക്കു സാരമായ ബന്ധമുണ്ടു്.

Printed and Published by N. M. Abrham B. A. at the Malayala Manorama Press, Kottayam.